

# Beats.......

ബീറ്റ്സ്..........






**ജി എച്ച് എസ് എസ് ശ്രീപുരം**

# ജി എച്ച് എസ് എസ്
# ശ്രീപുരം




# Beats......

ബീറ്റ്സ്..........

## ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | വിമൽകുമാർ കെ(ഹെഡ്മാസ്റ്റർ) |
| സ്റ്റാഫ് എഡിറ്റേർസ് | : | സജ്ന സേവ്യർ(കൈറ്റ് മിസ്ട്രസ്)<br>ബിൻസി ടൈറ്റസ്( കൈറ്റ് മിസ്ട്രസ്) |
| സ്റ്റുഡന്റ് എഡിറ്റേർസ് | : | മാർഗരറ്റ് ബിനോ<br>ഡെയ്ൻ അലക്സ് |
| സബ് എഡിറ്റേർസ് | : | അഷിത മഹേഷ്<br>മിത്ര ബിനീഷ്<br>ശ്രീനന്ദ പ്രകാശ്<br>പാർവതി സി മനോജ്<br>അഡോൺ ജോൺസൺ<br>മിഥുൻ രതീഷ്<br>ഹൃദുൽ ജയേഷ്<br>ആര്യനന്ദ സുധീഷ് |
| കവർപേജ് | : | ഇസ ആഗ്നസ് റോബർട്ട്<br>ജ്ഞിസ് മരിയ |
| സാങ്കേതിക സഹായം | : | ഡിനിമോൾ പി സി ( സീനിയർ അധ്യാപിക)<br>സ്മിത എസ്. ആർ (SITC)<br>കെ. ടി .സുരേഷ് കുമാർ( പി.ടി. എ പ്രസിഡന്റ്)<br>സരിത ജോസ് (മദർ പി ടി എ)<br>മറ്റ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ |

-

# എഡിറ്റോറിയൽ

വാക്കുകളും വർണങ്ങളും അന്യവത്കരിക്കപ്പെടുന്ന
കറുത്തകാലത്തിന്റെ മുൻപിൽ തകർന്നപോയ
കപ്പൽ ഛേദങ്ങളുടെ കാഴ്ചപ്പുറങ്ങളിൽ
തരിവെളിച്ചമെന്നോണം ബാക്കിയാവുന്ന സ്വപ്നങ്ങൾ
അക്ഷരങ്ങളായി ഇവിടെ പുനർജനി കാണുന്നു.
ഇലത്തുമ്പുകളിൽ മഞ്ഞുകണികകൾ പോലെ
പിഞ്ചുനാവുകളിൽ വയമ്പും..... നാരായവും.
അക്ഷരങ്ങൾക്ക് അനന്തമായ നക്ഷത്രശോഭ...
കനിവും കിനാവുമറ്റ, ആരും ആർക്കും
കാവലാളാകാത്ത കാലത്തിനൊരു മറുവാക്ക്.
പ്രത്യാശകളുടെ ശംഖധ്വനികൾ....
ദൈവത്തിന്റെ കൈയ്യൊപ്പ്  ഹൃദയത്തിലേറ്റുവാങ്ങിയ
പിഞ്ചുബാല്യങ്ങൾക്ക് അക്ഷരങ്ങളുടെ
ജീവസ്പന്ദനങ്ങൾ....ഇവിടെ വാക്കുകൾ...വരകൾ
സർഗക്രിയകളുടെ അനന്തശോഭകൾ

സസ്നേഹം
സ്റ്റുഡന്റ് എഡിറ്റർ



# സന്ദേശം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി KITE-ന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ഐ.ടി രംഗത്ത് ആഭിമുഖ്യം  പുലർത്തുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകാൻ ആരംഭിച്ച കുട്ടികളുടെ സംഘടനയാണ്  LITTLE KITES. നമ്മുടെ ജി.എച്ച്. എസ്.എസ്. ശ്രീപുരം സ്കൂളിൽ ആരംഭിച്ച ഈ യൂണിറ്റിന്റെ ആദ്യപ്രവർത്തനമായ ഡിജിറ്റൽ മാഗസിൻ എല്ലാ ഭാവുകങ്ങളും നേരുന്നു.ഇതിന്റെ എല്ലാ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സ്കൂൾ കൈറ്റ് മിസ്ട്രസ്മാർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ!!

വിമൽ കുമാർ കെ
ജി.എച്ച്.എസ്.എസ് ശ്രീപുരം
(ഹെഡ്മാസ്റ്റർ)




# ആശംസ

നമ്മുടെ രാജ്യത്തെ ഏറ്റവും വിപുലമായ കുട്ടികളുടെ ഐ.ടി.കൂട്ടായ്മയായി വളർന്ന ലിറ്റിൽ "കൈറ്റ്സി" ലെ അംഗങ്ങളായ ജി.എച്ച്.എസ്.എസ്. ശ്രീപുരത്തെ എല്ലാ കൊച്ചുകൂട്ടുകാരെയും അതിന് നേതൃത്വം നൽകുന്ന സജ്ന ടീച്ചറേയും ബിൻസി ടീച്ചറേയും പ്രത്യേകം അനുമോദിക്കുന്നു.സൈബർ സുരക്ഷ മുതൽ ഐ.ടി. മേഖലയിലെ നൂതന പ്രവണതകൾ വരെ കുട്ടികളെ പരിശീലിപ്പിക്കുകയും ഇപ്പോൾ മനോഹരമായ ഒരു ഐ.ടി. മാഗസിൻ തയ്യാറാക്കുകയും ചെയ്ത സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന് എല്ലാ ആശംസകളും നേരുന്നു.

**സനീഷ് പി.വി.**
**ജി.എച്ച്.എസ്.എസ്.ശ്രീപുരം**
**(പ്രിൻസിപ്പാൾ ഇൻ ചാർജ്)**

# താളുകളിലൂടെ. . ...

1. 2023-24 ലെ ശ്രീപുരം 1
2. വിദ്യാലയം 6
3. ഒറ്റപ്പെട്ടുപോയ വൃദ്ധമനസ്സ് 7
4. കവികൾ ഇങ്ങനെ പറയുമ്പോൾ 9
5. Bliss Of Nature 11
6. Drug Education 12
7. സഞ്ചാരത്തിന്റെ ലോകം 16
8. വായിക്കണം 18
9.ഒരു വാക്ക് 19
10. അവഗണിക്കപ്പെടുന്ന വൃദ്ധമനസ്സ് 20
11. പുലരിയിൽ 21
12. നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ 22
13. അന്തരങ്ങൾ 23
14. കുട്ടിയുടെ മനസ്സ് 24
15. നാടിന് വേണം ശലഭോദ്യാനങ്ങൾ 25
16. മരം 27
17. മണക്കടവ് ചരിത്രത്തിലൂടെ ഒരു എത്തിനോട്ടം 28
18. തീരാനോവുകൾ 30
19. തീത്തുമ്പ് നക്ഷത്രങ്ങളോട് പറഞ്ഞത് 32
20. നാനോടെക്നോളജി 34
21 പറയാതെ പോയ പ്രണയം 35

# 2023-2024ലെ
# ശ്രീപുരം



60-ന്റെ നിറവിൽ നിൽക്കുന്ന അക്ഷരമുത്തശ്ശിയുടെ മടിത്തട്ടിലേക്ക് കടന്നുവന്ന കുരുന്നുകളെ സ്വാഗതം ചെയ്തുകൊണ്ട് 2023-24 അധ്യായനവർഷം 2023 ജൂൺ 1ന് ആരംഭിച്ചു . ഒട്ടനവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ട് 2022-23 അധ്യായനവർഷത്തെ മികച്ച വിജയം നൽകിയ ആത്മവിശ്വാസം ഈ അധ്യായനവർഷത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം നൽകുകയുണ്ടായി.2023-24 അധ്യായനഷം സ്കൂളിലേക്ക് പുതിയതായി പ്രവേശനം നേടിയ എല്ലാവർക്കും ബലൂണുകളും മധുരപലഹാരങ്ങളും സമ്മാനങ്ങളും നൽകി സ്വീകരിച്ചു. കൂടാതെ സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു.
2023-24 അധ്യയനവർഷത്തെ മികച്ചതെന്ന് വിശ്വസിക്കുന്ന പ്രവർത്തനങ്ങളിലേക്ക് കടക്കുമ്പോൾ...

## മധുരം മലയാളം

1993 എസ്.എസ്.എൽ.സി ബാച്ചിന്റെ സഹകരണത്തോടെ മധുരം മലയാളം പദ്ധതിയുടെ ഭാഗമായി സ്കൂളിലെ എല്ലാകുട്ടികൾക്കും ദിവസേന മാതൃഭൂമി പത്രം വിതരണം ചെയ്തു. കുട്ടികളുടെ ഇടയിൽ പത്രവായന പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ധേശത്തോട് കൂടി ആരംഭിച്ച 'മധുരം മലയാളം ' പദ്ധതി ജൂൺ ഒന്നിന് തന്നെ സ്കൂളിൽ ആരംഭിക്കാനായത് സന്തോഷകരമായ കാര്യമാണ്

## വായനകളരി

മുൻമന്ത്രി കെ. എം. മാണി ചാരിറ്റബിൾ ട്രസ്റ്റ് നടപ്പാക്കുന്ന വായനക്കളരി പദ്ധതിയും സ്കൂളിൽ ആരംഭിക്കാനായി. ഈ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് മലയാള മനോരമ പത്രവും വിതരണവും ചെയ്യപ്പെടുന്നു.

## Daily G K

രണ്ട് പദ്ധതികളുടെ ഭാഗമായി മാതൃഭൂമി പത്രവും മലയാള മനോരമ പത്രവും എല്ലാകുട്ടികൾക്കും ദിവസവും ലഭിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ട്മാത്രം പത്രവായന പ്രോത്സാഹിപ്പിച്ചില്ല എന്നതിരിച്ചറിവിനെ തുടർന്ന് കുട്ടികളിൽ പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനായി 'Daily G K' എന്നൊരു ക്വിസ് മത്സരം സ്കൂളിൽ ആരംഭിക്കുകയുണ്ടായി. ഓരോ ദിവസവും അന്നന്നത്തെ പത്രത്തിൽ നിന്നുമുള്ള അഞ്ച് \ചോദ്യങ്ങൾ ചോദിക്കുകയും നോട്ടീസ് ബോർഡിൽ എഴുതിയിടുകയും ചെയ്യുന്നു.ശരിയുത്തരം എഴുതിയിടുന്ന കുട്ടികൾളിൽ നിന്നും നറുക്കെടുത്ത് രണ്ട് മുതൽ അഞ്ച് വരെ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നു. കുട്ടികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്ന അവസരങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തി മികച്ച രീതിയിൽ ഈ പ്രോഗ്രാം സ്കൂളിൽ നടന്നു പോകുന്നു.

സ്കൂൾ റേഡിയോയും സ്കൂൾ പത്രവും

സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ വാർത്തകൾ കുട്ടികളിലേയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'Sreepuram Talks' എന്ന പേരിൽ സ്കൂൾ റേഡിയോയും 'സ്പന്ദനം' എന്ന പേരിൽ സ്കൂൾ പത്രവും ആരംഭിക്കുകയുണ്ടായി. കുട്ടികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ കുട്ടി റിപ്പോർട്ടേഴ്സിൻെറ ഒരു സംഘം സ്കൂളിൽ പ്രവർത്തിക്കുന്നു. ഇവർ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെയും സ്കൂളിനു ലഭിക്കുന്ന നേട്ടങ്ങളുടെയും വാർത്തകൾ ശേകരിക്കുന്കയും റേഡിയോയിലൂടെയും പത്രത്തിലൂടെയും അവതരിപ്പിക്കുകയും ചെയ്യുന്നു.

## ഗണിതഭംഗി

ഗണിതക്ലബിന്റെ നേതൃത്വത്തിൽ 'ഗണിതഭംഗി' എന്ന പേരിൽ ഒരു ഗണിത ചാർട്ടുകളുടെ പ്രദർശനവും മത്സരവും സ്കൂളിൽ നടത്തുകയുണ്ടായി. Geometrical chart, Number chart, Other chartഎന്നീ വിഭാഗങ്ങളിലായാണ് പ്രദർശനങ്ങൾ സംഘടിപ്പിച്ചത്.

## വിജയോത്സവം

GHSS Sreepuram സ്കൂളിൽ നിന്നും 2022-23 വർഷത്തെ SSLC, plus 2 പരീക്ഷകളിൽ ഉന്നതവിജയം കൈവരിച്ച കുട്ടികളെയുംഎല്ലാ ക്ലാസുകളിലെയും ഒന്നും രണ്ടും സ്ഥാനങ്ങളിലുള്ള കുട്ടികളെയും ആദരിക്കുന്നതിനായി

2022 നടത്തുകയുണ്ടായി. ഇരിക്കൂർMLA ബഹുമാനപ്പെട്ട Adv. സജീവ് ജോസഫ് വിജയോത്സസവം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വച്ച് കുട്ടികളെ ആദരിക്കുകയും വിവിധ എൻഡോവ്മെന്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ശ്രീപുരത്തിന്റെ മികവ് വിളിച്ചോതുന്ന ഒരു പ്രോഗ്രാമായിരുന്നു അത്.

## മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി

വിദ്യാഭ്യാസ വകുപ്പിന്റെ മോഡൽ ഇൻക്ലൂസിവ് പദ്ധതിയുടെ ഭാഗമായി ബിന്നശേഷി കുട്ടികൾക്കായുള്ള മോഡൽ ഇൻക്ലൂസീവ് ക്ലാസ് റൂമിന്റെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ Adv. K. K രത്നകുമാരി നിർവഹിച്ചു. കൂടാതെ, ഈ പാഡതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങളും സ്കൂളിൽ നടന്നു വരുന്നു. കഴിഞ്ഞ അധ്യയന വർഷം ആരംഭിച്ച ഈ പദ്ധതി മികവാർന്ന രീതിയിൽ തന്നെ ഈവർഷവും തുടർന്നു വരുന്നു.എല്ലാ ഭിന്നശേഷി കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനങ്ങൾക്ക് ആവശ്യമായ വിവിധ സൗകര്യങ്ങൾ മോഡൽ ഇൻക്ലൂസീവ് ക്ലസ്സറിയിൽ ഒരുക്കിയിട്ടുണ്ട്. ഇവരുടെ വാർഷിക മെഡിക്കൽ ക്യാമ്പ് ഈ വർഷവും നടത്തുകയുണ്ടായി.ഇവരുടെ സ്വയരക്ഷ പരിശീലനം - കരാട്ടെ പരിശീലനം ഈ വർഷവും കുട്ടികൾക്ക് നൽകുകയുണ്ടായി. വിവിധ പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്
എത്തിക്കുന്നതിന് special educator ആയ ശ്രീമതി ജെയിൻ ടീച്ചറിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.
കഴിഞ്ഞ വർഷത്തെപോലെ ഈ വർഷവും ഈ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി ഒരു ഏകദിന വിനോദയാത്രയും സംഘടിപ്പിച്ചു.

## Freedom Fest – 2023

സ്വതന്ത്രസോഫ്റ്റ് വെയറുകളുടെ പ്രചരണാർത്ഥം August 11-ന് freedom fest-2023 എന്ന പേരിൽ ഒരു IT Excibition നടത്തുകയുണ്ടായി. സ്കൂളിലെ Little Kites unitന്റെ നേതൃത്വത്തിലാണ് പ്രദർശനം സംഘടിപ്പിച്ചത്. സ്കൂളിലെ 5 മുതൽ 10 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും Excibition കാണാനുള്ള അവസരം ഒരുക്കിയിരുന്നു. അധ്യാപകരുടേയും രക്ഷിതാക്കളുടേയും പ്രാതിനിധ്യം ഈ ദിവസത്തെ മികവാർന്നതാക്കി മാറ്റി.

## ചാന്ദ്രസ്പർശം

August 23 ഏതൊരു ഇന്ത്യക്കാരന്റെയും അഭിമാനനിമിഷമായുരുന്നു. ഇന്ത്യയുടെ അഭിമാനമായ ചാന്ദ്രയാൻ-3 ചന്ദ്രന്റെ ഉപരിതലത്തെ സ്പർശിച്ച നിമിഷത്തിലെ സന്തോഷം അനുഭവിക്കാൻ ശ്രീപുരം സ്കൂളിലും അവസരം ഒരുക്കിയിരുന്നു. ചന്ദ്രയാൻ -3ന്റെ soft landing ന്റെ തൽസമയ പ്രക്ഷേപണം കാണുന്നതിന് സ്കൂളിൽ ഒരുക്കിയിരുന്ന സൗകര്യം സ്കൂളിലെ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും പ്രയോജനപ്പെടുത്തി. ഇന്ത്യയുടെ അഭിമാന നിമിഷത്തിൽ പങ്കാളികളാകാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

## ഗൃഹസന്ദർശനം

എല്ലാവർഷവും പത്താം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വീടുകൾ അധ്യാപകർ സന്ദർശിക്കാറുണ്ടായിരുന്നു. എന്നാൽ ഈ അധ്യായനവർഷത്തിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ



പഠിക്കുന്ന മുഴുവൻ കുട്ടികളുടേയും വീടുകളിൽ അധ്യാപകരും പി.ടി.എ പ്രതിനിധികളും ചേർന്ന് സന്ദർശിക്കുകയുണ്ടായി.രാവിലെ 10മണിക്ക് ആരംഭിച്ച ഗ്രഹസന്ദർശനം വൈകിട്ട് 6.30 വരെ നീണ്ടു.

## സ്ത്രീപദവി പദ്ധതി

ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ത്രീകൾക്ക് സമൂഹത്തിലുള്ള അവകാശവും പ്രാധാന്യവും തിരിച്ചറിയുന്നതിനുള്ള തുറന്ന സദസ്സ് 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്കായി സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പെൺകുട്ടികൾക്കായി കരാട്ടെ പരിശീലനവും ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി.

## ഹരിതവിദ്യലയം

ഉദയഗിരി ഗ്രാമപഞ്ചായത്തിനെ ഹരിതപഞ്ചായത്ത് ആയി പ്രഖ്യാപിച്ച November 14-ന് പഞ്ചായത്തിന്റെ കീഴിലുള്ള 7 വിദ്ധ്യാലയങ്ങളെ ഹരിതവിദ്ധ്യാലയങ്ങളായി പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ ഒന്നായിമാറി എന്നത് ശ്രീപുരം സ്കൂളിനെ സ്ബന്ധിച്ചിടത്തോളം അഭിമാനനിമിഷമായിരുന്നു. മാലിന്യനിർമാർജനത്തിൽ, പ്രത്യേകിച്ച് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിൽ സ്കൂളിലെ അദ്യാപകരും കുട്ടികളും ഒത്തൊരുമിച്ച്
പരിശ്രമിച്ചതിന്റെ ഫലമായിരുന്നു ഈ പ്രഖ്യാപനം. സ്കൂളിലെ കുട്ടികൾ അടങ്ങുന്ന ഹരിത സഭയിൽ വച്ചാണ് ഈ പ്രഖ്യാപനം ഉണ്ടായത്. ഈ അവസരത്തിൽ മാലിന്യസംസ്കരണത്തിനായി
സ്കൂൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേകം അനുമോദനവും ലഭിച്ചു. മാലിന്യനിർമ്മാർജനത്തിനായി സ്കൂളിൽ ചെയ്യുന്ന ഏതാനും പ്രവർത്തനങ്ങൾ താഴെ പറയുന്നു.

-- എല്ലാ ക്ലാസ് മുറികളിലും രണ്ട് വീതം waste bin-കൾ വച്ച് ഒന്നിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും രണ്ടാമത്തെതിൽ മറ്റു പേപ്പർ മാലൃന്യങ്ങൾ നിക്ഷെപിക്കുന്നു.

-- വിവിധതരത്തിലുള്ള മാലിന്യങ്ങൾ അവപ്രത്യേകം തരംതിരിച്ച് സൂക്ഷിക്കുകയും ഹരിതകർമ്മസേനയെ ഏൽപ്പിക്കുകയും ചെയ്യുന്നു.

-- എഴുതിത്തീർന്ന പേനകൾ നിക്ഷേപിക്കുന്നതിനായി pen booth -കൾ സ്ഥാപിക്കുകയും
കുട്ടികൾ പേനകൾ കൃത്യമായി അതിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

-- ജന്മദിനങ്ങളിലും മറ്റു വിശേഷ ദിവസങ്ങളിലും മിഠായികൾ വിതരണം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുകയും മിഠായികൾക്കു പകരം സ്കൂൾ ലൈബ്രറിയിൽ ഒരു പുസ്തകമോ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിലെക്ക് പച്ചക്കറികളോ സംഭാവനചെയ്യാൻ കുട്ടികളെപ്രേരിപ്പിക്കുകയും ചെയ്യുന്നു.
--സ്കൂൾ അധ്യാപകരുടേയും പി.ടി.എ പ്രതിനിധികളുടേയും കുട്ടികളുടേയും നേതൃത്വത്തിൽ ഒരു ശുചിത്വ ബയോഗ്യാസ് രൂപീകരിക്കുകയും സ്കൂളിലെ മുഴുവൻ ശുചിത്വപ്രവർത്തനങ്ങളുടെ നേതൃത്വവും മേൽനോട്ടവും നിർവഹിക്കുകയും ചെയ്യുന്നു..
--സ്കൂളിലെ ഭക്ഷണമാലിന്യങ്ങൾ പ്രത്യേകം ശേഖരിക്കുകയും ബയോഗ്യാസ് പ്ലാന്റിലേക്കും പന്നികൾക്കുള്ള ഭക്ഷണമായും മാറ്റുകയും ചെയ്യുന്നു.

## പഠനയാത്രകൾ

-- സ്കൂൾ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ കുട്ടികൾക്കായി പ്രത്യേകം പഠനയാത്രകൾ സംഘടിപ്പിക്കുകയുണ്ടായി. സ്വയം അറിവ് ആർജിക്കുക എന്ന ഉദ്ദേശ്യത്തോട്കൂടിയാണ് ഓരോ പഠനയാത്രയും ആസൂത്രണം ചെയ്യുന്നത്.പഠനത്തോടൊപ്പം ഉല്ലാസനിമിഷങ്ങൾക്കും ഓരോ പഠനയാത്രയിൽ അവസരം ഒരുക്കിയിരുന്നു.

## ടീൻസ് ക്ലബ്ബ് രൂപികരണവും പ്രവർത്തനങ്ങളും

പൊതുവിദ്യാഭ്യാസവകുപ്പിൻ്റെ പദ്ധതിയായ ടീൻസ് ക്ലബ് കൗമാരകുട്ടികളുടെ മാനസികവും സംഘടനാപരവുമായ കഴിവുകളെ വികസിപ്പിക്കുന്നതിന് വളരെയെറെ പ്രയോജനപ്പെടുത്തുന്നു.ക്രിയാത്മകകൗമാരം എന്ന ലക്ഷ്യത്തിലൂന്നി പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച ഈ പദ്ധതിയുടെ സ്കൂൾതല ക്ലബ്ബ് രൂപികരണവും ഉദ്ഘാടനവും 2023 ഡിസംബർ 3ന് നടത്തുകയുണ്ടായി.ഉദ്ഘാടനത്തോടനുബന്ധിച്ച് ട്രോമാ കെയർ എന്ന വിഷയത്തിലൂന്നി മലപ്പുറം ജില്ല ട്രോമാ കെയർ വോളണ്ടിയർ ആയ ശ്രീ.മുഹമ്മദ് റാഫി കെ യുടെ ഒരു ഏകദിന ക്ലാസ്സ് ഉണ്ടായിരുന്നു



ടീൻസ് ക്ലബിന്റെ നേതൃത്തിൽ വിവിധ പ്രവത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു.ക്ലബ് പ്രവർത്തനങ്ങളുടെ മേൽനോട്ടം ടീൻസ് ക്ലബ് ഇൻ ചാർജ് ആയ ശ്രീമതി. സജന സേവ്യർ ആണ് . സ്കൂൾ കൗൺസിലറായ ശ്രീമതി .അലീന തോമസിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് തുടർച്ചയായ പരിശീലന പരിപാടികൾ നടത്തിവരുന്നു.

2024 ജനുവരി 23ന് ടീൻസ് ക്ലബിന്റെ നേതൃത്വത്തിൽ ടീൻസ് ഫെസ്റ്റ് 2024 നടത്തുകയുണ്ടായി.അന്നേദിനം രാവിലെ 10 മണിക്ക് കണ്ണൂർ ഡിജിറ്റൽ ഡി അഡിക്ഷൻ സെന്റർ സൈക്കോളജിസ്റ്റ് ആയ ശ്രീമതി. സുധീഷ്ണ എൻ നയിച്ച 'കൗമാരവും മൊബൈലും ' എന്ന വിഷയത്തിലൂന്നിയുള്ള ബോധവല്കരണക്ലാസും ഉണ്ടായിരുന്നു.

ഉച്ചയ്ക്ക് ശേഷം ശ്രീപുരം ഗവ .ഹയർസെക്കണ്ടറി സ്കൂളിലെ ശാസ്ത്ര-കലാ-കായിക പ്രതിഭകളെ ആദരിക്കുകയുണ്ടായി.തുടർന്ന് ടീൻസ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

# വിവിധ ദിനാചരണങ്ങൾ

## പരിസ്ഥിതി ദിനാചരണം -ജൂൺ 5

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുടെ 2023-24 വർഷത്തെ ഔപചാരിക ഉദ്ഘാടനവും ഈ വർഷത്തെ പരിസ്ഥിതി ദിനാചരണവും 2023 ജൂൺ5 ന് നടത്തുകയുണ്ടായി.അന്നേ ദിവസം സ്കൂൾ പ്രിൻസിപ്പാൾ ശ്രീ.പ്രവീഷ് പി.വി. പരിസ്ഥിതി നിലനിർത്തേണ്ട ആവശ്യകതയെപ്പറ്റി സംസാരിച്ചു.പരിസ്ഥിതി ദിനസന്ദേശം-Beat Plastic Pollution ഹൈസ്കൂൾ വിദ്യാർത്ഥിനി കുമാരി. മാർഗരറ്റ് ബിനോ നല്കുകയുണ്ടായി. പരിസ്ഥിതി ദിന ക്വിസ് മത്സരവും പോസ്റ്റർ പ്രദർശനവും പരിസ്ഥിതി സംരക്ഷണത്തിന്റ ആവശ്യകത വ്യക്തമാക്കുന്ന ഒരു വീഡിയോ പ്രദർശനവും നടത്തുകയുണ്ടായി.

## ബാലവേല വിരുദ്ധദിനം- ജൂൺ 12

ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ പ്രദർശനവും ബാലവേല വിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിച്ചു

## വായനാദിനം ജൂൺ 19

ഉദയഗിരി ഗ്രാമപഞ്ചായത്ത് തല വായനാദിനം ശ്രീപുരം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് 2023 JUNE 19 ന് സംഘടിപ്പിക്കുകയുണ്ടായി .അന്നേ ദിവസം LP,UP,NSS വിഭാഗങ്ങളിൽലായി ഉദയഗിരി ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന സ്കൂളിലെ കുട്ടികൾക്കായി ഒരു ക്വിസ് മത്സരം നടത്തുകയുണ്ടായി.
വിജയികൾക്ക് സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ .വിമൽ കുമാർ സാറ് സമ്മാനങ്ങൾ വിതരണം ചെയ്തു .

## യോഗാദിനം ജൂൺ 21

യോഗാദിനത്തോടനുബന്ധിച്ച് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഒരു ബോധവത്കരണം നടത്തുകയുണ്ടായി.
തുടർന്ന് യോഗയുടെ പ്രധാന്യം കുട്ടികളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനപരിപാടികൾ യോഗാപരിശീലനം ലഭിച്ച കുട്ടികൾകളുടെ നേതൃത്ത്വത്തിൽ സംഘടിപ്പികുകയുണ്ടായി.

## അന്താരാഷ്ട്ര ഒളിംപിക്സ് ദിനാചരണം ജൂൺ 23

അന്താരാഷ്ട്ര ഒളിംപിക്സ് ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 23 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സ്കൂളിലെ മുഴുവൻ ഹൈസ്കൂൾ വിദ്യാർത്ഥികളെ ഉൾപെടുത്തി ഒളിംപിക്സ് റൺ നടത്തുകയുണ്ടായി. സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ .വിമൽ കുമാർ ഒളിംപിക്സ് ദിനസന്ദേശം നല്കുകയും ഒളിംപിക്സ് റൺ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

## ലഹരിവിരുദ്ധദിനം ജൂൺ 26

ലോകലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ജൂൺ 26 ന് രാവിലെ 10 മണി മുതൽ ഒരു വീഡിയോ പ്രദർശനം നടത്തുകയുണ്ടായി. തുടർന്ന് സൈക്കോതെറാപ്പിസ്റ്റ് ശ്രീ പ്രദീപൻ മാലോത്തിന്റെറ ലഹരിവിരുദ്ധ ക്ലാസ് ഉണ്ടായിരുന്നു. അദ്ദേഹം ചൊല്ലിക്കൊടുത്ത ലഹരിവിരുദ്ധ പ്രതിജ്ഞ ഏറ്റു ചൊല്ലി. തുടർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് സ്കൂളിലെ കുട്ടികൾ തങ്ങളുടെ കൈമുദ്ര വെള്ളത്തുണിയിൽ പതിപ്പിക്കുകയും ചെയ്തു.

## ചാന്ദ്രദിനം ജൂലൈ 21

ബഹിരാകാശ ഗവേഷണത്തിന്റെ ചരിത്രം കുട്ടികൾക്ക് മനസ്സിലാകനാതിനായി ഒരു വീഡിയോ, പ്രദർശനവും LP,UP,HS വിഭാഗങ്ങളിലെ കുട്ടികൾക്കായി ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചുകൊണ്ട് ഈ വർഷത്തെ ചാന്ദ്രദിനം സമുചിതമായി ആചരിച്ചു.

## ഹിരോഷിമ -നാഗസാക്കി ദിനം ആഗസ്റ്റ് -9

2023 വർഷത്തെ ഹിരോഷിമ നാഗസാക്കി ദിനം 2023 ആഗസ്റ്റ് -9 ന് വിവിധ പരിപാടികളിലൂടെ അചരിച്ചു .സുഡോക്കോ കൊക്കിന്റ നിർമാണവും ക്വിസ് മത്സരങ്ങളും ദിനാചരണത്തിന്റെ ഭാഗമായി നടത്തുകായ

## സ്വാതന്ത്ര്യദിനം ആഗസ്റ്റ് 15
## റിപ്പബ്ലിക്ക് ദിനം ജനുവരി 26

സ്വാന്ത്യദിനത്തോടും റിപബ്ലിക്ക് ദിനത്തോടും അനുബന്ധിച്ച് സ്കൂൾ അങ്കണത്തിൽ ദേശീയപതാക ഉയർത്തുകയുണ്ടായി .തുടർന്ന് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.



## ഓണാഘോഷം

ശ്രീപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ ഓണാഘോഷം വിവിധ പരിപാടികളോടെ August-25ന് സമുചിതമായി ആഘോഷിച്ചു. കുട്ടികൾക്കായി വിവിധ കലാ-കായിക മത്സരങ്ങളും വടംവലിയും നടത്തുകയുണ്ടായി. ഉച്ചയ്ക്കുണ്ടായിരുന്ന വിഭവസമൃദ്ധമായ ഓണസദ്യയോടെ ഓണാഘോഷങ്ങൾക്ക് തിരശ്ശീല വീണു.



## അധ്യാപക ദിനം - September 5

2023-24 അധ്യാപനവർഷത്തെ അധ്യാപകദിനത്തോടനുബന്ധിച്ച് രാവിലെ 9:30 -ന് സ്കൂൾ അസംബ്ലി കൂട്ടുകയും അസംബ്ലിയിൽ വച്ച് കുട്ടികൾ എല്ലാ അധ്യാപകർക്കും ആശംസകൾ നേർന്നുകൊണ്ടുള്ള കാർഡുകൾ നൽകുകയും ചെയ്തു. 9Bയിലെ കുമാരി .മാർഗരറ്റ് ബിനോ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും സ്കൂൾ ഗായകസംഘം ആശംസാഗീതം ആലപിക്കുകയും ചെയ്തു.

## AIDS Day – December 1

AIDS Day -ട് അനുബന്ധിച്ച് ശ്രീപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ JRC – യുടെ നേതൃത്വത്തിൽ വിവിധ പരിപാടകൾ സംഘടപ്പിച്ചു. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും Red Ribbon നൽകുകയും മുഴുവൻ കുട്ടികളും റിബൺ ധരിച്ച് സ്കൂളിൽ എത്തിച്ചേരുകയും ചെയ്തു. സ്കൂൾ അസംബ്ലിയിൽ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.കെ. വിമൽകുമാർ AIDS ദിന സന്ദേശം നല്കി. AIDS - നെതിരെ പോരാടുമെന്ന് കുട്ടികളെല്ലാവരും പ്രതിജ്ഞ ചെയ്തു. തുടർന്ന് മണക്കടവ് PHC – യുടെ നേതൃത്വത്തിൽ ശ്രീപുരം ഗവ. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഒരു പാവക്കൂത്ത്



സംഘട ിപ്പിക്കുകയുണ്ടായി. AIDS ബോധവല്ക്കരണമായിരുന്നു പ്രസ്തുത പാവക്കൂത്തിന്റെ പ്രമേയം.

## 2023-2024 അധ്യായനവർഷം സ്കൂൾ കൈവരിച്ച നേട്ടങ്ങൾ

2022-23 അധ്യായനവർഷത്തെ SSLC പരീക്ഷയുടെ തിളക്കമാർന്ന വിജയത്തിൽ നിന്നും ഊർജ്ജം കൈവരിച്ചുകൊണ്ടാണ് 2023-24 അധ്യായനവർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്കൂൾ തല ശാസ്ത്ര – കലാ – കായിക മത്സരങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ തുടക്കം മുതൽ തന്നെ സ്കൂളിൽ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി സബ് ജില്ല, ജില്ല, തലങ്ങളിൽ മികച്ച വിജയം കൈവരിക്കുവാൻ കുട്ടികൾക്ക് സാധിച്ചു.

തളിപ്പറമ്പ നോർത്ത് ഉപജില്ല കബഡി ടൂർണമെന്റിന് 2023 നവംബർ 13-ന് ശ്രീപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മൈതാനം വേദിയായി. വിവിധ സ്കൂളുകളിൽ നിന്നുള്ള മുന്നൂറോളം കായിക താരങ്ങൾ മത്സരത്തിൽ പങ്കെടുത്തു. പ്രസ്തുത മത്സരത്തിൽ overall championship കരസ്ഥമാക്കാൻ സാധിച്ചത് സ്കൂളിലെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമാണ്.തുടർന്ന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രകടനം കാഴ്ചവെക്കാൻ ശ്രീപുരത്തിന്റെ കായികതാരങ്ങൾക്ക് സാധിച്ചു.

ശ്രീപുരം ഗവ ഹയർസെക്കണ്ടറി സ്കൂളിലെ  little kites യൂണിറ്റ് ജില്ലയിലെ തന്നെ മികച്ച യൂണിറ്റുകളിലെ ഒന്നാണ്.സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന്  little kites അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.എല്ലാ വർഷത്തെയും പോലെ ഈ വർഷവും 9B ക്ലാസ്സിലെ കുമാരി. ഇസ ആഗനസ്സ് റോബർട്ട് ജില്ലാ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി അർഹത നേടിയിരിക്കുന്നു.
ശ്രീപുരം ഗവ ഹയർസെക്കണ്ടറി സ്കൂളിന്റെ മറ്റൊരു മികച്ച പ്രവർത്തനമാണ് YIP ശാസത്രപഥം 5.0 യിലെ മികച്ച പങ്കാളിത്തം. ഏകദേശം 6 ഗ്രൂപ്പുകൾ ജില്ലാ തലത്തിൽ മത്സരിക്കുകയും അതിൽ നിന്നും മൂന്നു ഗ്രൂപ്പുകൾ സംസ്ഥാന തലത്തിൽ മത്സരിക്കുന്നതിനുള്ള അർഹത നേടുകയും ചെയ്തു.സംസ്ഥാന തലത്തിൽ മികച്ച രീതിയിൽ തങ്ങളുടെ ആശയങ്ങളെ അവതരിപ്പിക്കുന്നതിന് അവർക്ക് സാധിച്ചിട്ടുണ്ട്.ഈ വിജയങ്ങളുടെ തുടർച്ചയ്ക്കായി  YIP 6.0-യിലെ 7 ആശയങ്ങൾ നൽകുന്നതിന് സാധിക്കുകയുണ്ടായി.അതിനായി നൽകിയ YIP ശാസത്രപഥം ബോധവൽക്കരണ ക്ലാസ്സ് കുട്ടികൾക്ക് വളരെയേറേ പ്രയോജനകരമായിരുന്നു.

LSS- USS വിജയങ്ങളിലും മുൻവർഷത്തെ മികച്ച വിജയം കാത്തുസൂക്ഷിക്കുവാൻ ശ്രീപുരം സക്കൂളിന് കഴിഞ്ഞിട്ടുണ്ട്. 60 വർഷത്തെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടാനുണ്ടെങ്കിലും ഒട്ടനവധി പരാധീനതകളിലൂടെ കടന്നു പോകുന്ന ഒരു സ്കൂളാണ് ശ്രീപുരം ഗവ ഹയർസെക്കണ്ടറി സക്കൂൾ.ഏതൊരു പ്രവർത്തനങ്ങളിലും ഒത്തൊരുമിച്ച് നിൽക്കുന്ന അധ്യാപകരും വിദ്യാർത്ഥികളുമാണ് ഈ വിദ്യാലയത്തിന്റെ വിജയങ്ങൾക്ക് കാരണം. കേരളത്തിന്റെ അതിർത്തിയിൽ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ സക്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും തുടരുന്നതിന് സാധിക്കട്ടെ.ഇനിയും മികവാർന്ന പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ മികച്ച വിദ്യാലയങ്ങളുടെ  പട്ടികയിൽ ഇടം പിടിക്കാൻ എന്നും പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.



# ✿ വിദ്യാലയം ✿



നറുനിലാപുഞ്ചിരിതൻ പൂമൊട്ടുകൾ വിടരും

പൂവാടിയാണെന്റെ വിദ്യാലയം

പൂമണമേകുന്ന മലർശോഭയാർന്നൊരാ

പൂവുകളണിചേരും പൂങ്കാവനം

തുമഞ്ഞുതുള്ളിതൻ ലാളനമേറ്റതിരാവിലെ

കണ്ണും തുറന്നിടുന്നിതാ പൂമൊട്ടുകൾ

സൂര്യന്റെ ചൂടേറ്റ് വാടാതെ തളരാതെ

പുഞ്ചിരി തൂകുകയാണെന്നുമെന്നും

പൂവനം തന്നിലെ പൂക്കൾ കൊഴിക്കാതെ

പുണ്യമായ് തീരട്ടെ പൂവനിയിൽ

ഓരോ പൂവും വിടരട്ടെ വളരട്ടെ

പുതിയൊരു പുലരിയെ പുൽകീടുവാൻ

ഡിനിമോൾ പി. സി
ജി എച്ച് എസ് എസ് ശ്രീപുരം



# ഒറ്റപ്പെട്ടുപോയ വൃദ്ധമനസ്സ്

1985 കാലം. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു ദിവസമായിരുന്നു അത്. കുറുക്കഞ്ചേരി നാട്ടിൽ പേരുകേട്ട ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. സാമ്പത്തികമായും സൽപ്പേരിന്റെ ഭാഗമായും ഉയർന്ന നിലയിലായിരുന്നു ഞങ്ങൾ. അച്ഛൻ ബാങ്ക് മാനേജറും അമ്മ ടീച്ചറുമായിരുന്നു. അവർക്കിരുവർക്കും ഏകമകനായി ഞാനും. ബാങ്ക് മാനേജരായിരുന്നതിനാൽ തന്നെ പണമെല്ലാം ബാങ്കിലെ അധികാരികൾ പറയുന്നതനുസരിച്ച് മറിച്ചുകൊടുക്കുമായിരുന്നു. എല്ലായ്പ്പോഴും അത് കുഴപ്പങ്ങളില്ലാതെ ഇരുചെവിയറിയാതെ നടന്നിരുന്നു.


ഒരു ദിവസം തിരുമറി നടന്നപ്പോൾ എങ്ങനെയോ പൊതുസമൂഹത്തിൽ അത് വ്യാപിച്ചു. അധികാരികൾ നിമിത്തം അച്ഛൻ ചെയ്തുക്കൂട്ടിയ കാര്യങ്ങൾ പുറത്തെങ്ങും അറിഞ്ഞു. വീട്ടിൽ പോലീസും കൂട്ടരും വന്നുതുടങ്ങി. വീട്ടിലെ സമാധാനമെല്ലാം കാറ്റിൽ അണയുന്നപോലെ അണഞ്ഞുതുടങ്ങി. ആർക്കും തമ്മിൽ മിണ്ടാട്ടമില്ല. ഇതിനിടയിൽ ഞാൻ ഒരു പെൺകുട്ടിയുമായി പ്രണയത്തിലായിരുന്നു. അവളുടെ വീട്ടിലും എന്റെ വീട്ടിലും ഇക്കാര്യം അറിയില്ലായിരുന്നു. ഒടുവിൽ അവളുടെ വീട്ടിൽ അറിഞ്ഞു. ആകെ മൊത്തത്തിൽ പ്രശ്നങ്ങളായി. രേണുവിന് മറ്റ് വിവാഹാലോചനയുമായി. ഇതറിഞ്ഞപ്പോൾ ഞാൻ അവളെ വിളിച്ചുകൊണ്ട് എന്റെ വീട്ടിൽ വന്നു . ബാങ്കിലേയും മറ്റും പ്രശ്നങ്ങൾ കാരണം അച്ഛനും അമ്മയും വീർപ്പുമുട്ടി നിൽക്കുമ്പോഴാണ് ഇതു സംഭവിച്ചത്. വീട്ടിലെ പ്രശ്നങ്ങൾ രേണുവിന് അറിയില്ലായിരുന്നു. വലിയ നിലയിൽ ജനിച്ചു  വളർന്ന അവൾക്ക് ഞങ്ങളുടെ വീടുമായി പൊരുത്തപ്പെടാൻ സാധിച്ചില്ല. അങ്ങനെയും വീട്ടിൽ കോലാഹലങ്ങൾ ആരംഭിച്ചു തുടങ്ങി .ബാങ്കിലെ പ്രശ്നങ്ങൾ നിമിത്തം വീട് ജപ്തിയായി . അമ്മയും അച്ചനും കുറേ ഓർമ്മകൾ സൃഷ്ടിച്ച ഭവനമായിരിന്നു അത് . കടങ്ങൾ കൊണ്ട് നിറഞ്ഞപ്പോൾ അച്ഛൻ ബാധ്യതയെല്ലാം തലയിൽനിന്ന് ഒഴുവാക്കി മരണത്തിന് കീഴടങ്ങി . അമ്മ തന്റെ പാതിയായി കണ്ട അച്ഛൻ തന്നിൽനിന്നു വിട്ടുപോയപ്പോൾ അത് അമ്മ മരിക്കുന്നതിനുതുല്യമായിരുന്നു.

ജപ്തിയും അച്ഛന്റെ മരണവും മരണാനന്തരചടങ്ങുകളും കഴിഞ്ഞ് മാനം ഒന്ന് തണുത്തു. ഞങ്ങൾ ഒരു വാടക വീട്ടിലായി ജീവിതം . എങ്കിലും അമ്മ അച്ഛന്റെ വിരഹത്തിൽനിന്ന് ഒട്ടും മാറിയിരുന്നില്ല . വീട്ടിൽ പിന്നെയും പ്രശ്നങ്ങൾ വന്നുതുടങ്ങി. രേണുവിന്റെ ഇഷ്ടങ്ങൾക്കനുസരിച്ചല്ല അമ്മ പെരുമാറിയിരുന്നത് എന്നായുരുന്നു എല്ലാ പ്രശ്നങ്ങളുടേയും തുടക്കം. അമ്മ എന്തു ചെയ്താലും രേണുവിന് കുറ്റവും കുറവും കണ്ടുപിടിക്കാനുണ്ടായിരുന്നു. ഒരു ദിവസം രേണു ഞങ്ങൾ കിടക്കുംനേരം  എന്നോട് ഒരു കാര്യം ആവശ്യപ്പെട്ടു. നമ്മുക്ക് രണ്ട് പേർക്കും മാത്രമായി ഒരു ലോകം വേണം അതിൽ അമ്മയും ഒരു മനസ്സും വേണ്ട എന്നായിരുന്നു അവളുടെ ആവശ്യം. അപ്പോൾ തന്നെ കാര്യങ്ങൾ ഏകദേശം മനസ്സിലായിരുന്നു.  അമ്മയെ തനിച്ചാക്കി വേറെ വീട്ടിൽ താമസിക്കാനായിരുന്നു അവളുടെ ഉദ്ദേശം.

ഞാൻ ആദ്യമൊന്നും സമ്മതിച്ചില്ല. പിന്നീട് അവൾ : നിന്നെ വിശ്വസിച്ചാണ് ഞാൻ ഇറങ്ങി വന്നത് എന്നിട്ടും നിനക്ക്
എന്റെ ഒരു ആഗ്രഹം പോലും സാധിച്ചു തരത്തില്ലേ നീ വരുന്നില്ലേൽ വരണ്ട ഞാൻ ഈ  ലോകത്തിൽനിന്ന്
എന്നന്നേക്കുമായി പൊയ്ക്കോളാം എന്നെല്ലാം പറഞ്ഞപ്പോൾ അവളുടെ ആവശ്യകതയ്ക്ക് എനിക്ക് കൂട്ട് നിൽക്കേണ്ടി വന്നു.
എന്നാൽ പിറ്റേദിവസം അമ്മയോടെങ്ങനെ ഇത് പറയുമെന്നാലോചിച്ച് എനിക്ക് ഉറക്കം വന്നില്ല. പിറ്റേന്ന് രാവിലെ
എന്തായാലും
പറയാമെന്ന് കരുതി  ചെന്നപ്പോൾ മുറി ശൂന്യമായിരുന്നു. പുറത്തുനിന്നു ജനാലവഴി തുളച്ച്കുന്ന ഇളംകാറ്റിൽ
അമ്മയുടെ ശൂന്യത വ്യക്തമാകുന്നുണ്ടായിരുന്നു. അച്ഛന്റെ  മരണശേഷം അമ്മ അനുഭവിച്ച  ഒറ്റപ്പെടലുകളും
കണ്ണീരും എന്നും ആ മുറിയിൽ വ്യാപിച്ചിരുന്നു.  മുറി ഒന്നു പരതിയപ്പോഴാണ് ഒരു കത്ത് കണ്ടുകിട്ടിയത്.

അത് വായിച്ചതോടെ എനിക്ക് എന്നെ നിയന്ത്രിക്കാനായില്ല.  രാത്രിയിൽ ഞാനും രേണുവും
കൂടെ പറഞ്ഞ കാര്യങ്ങൾ അമ്മ കേട്ടിരുന്നു. ഞങ്ങൾക്ക് ബുദ്ധിമുട്ടുക്കാതിരിക്കാനും ഞങ്ങളുടെ
സന്തോഷത്തിനുമായി അമ്മ ആ നഗരത്തിലെ തെരുവുകളിലേക്ക് ഇറങ്ങിപ്പോയി.
ഞാനും എന്റെ ഭാര്യയും കാരണം ആ മനസ്സ് എത്ര വേദനിച്ചെന്ന് ഓർത്തപ്പോൾ......
സ്വന്തം വിഷമങ്ങൾ ഒന്ന് പറഞ്ഞ് പോട്ടിക്കരയാൻ പോലും ആരും ഇല്ലെന്ന് ചിന്തിച്ചപ്പോൾ........
എനിക്ക് സഹിക്കാൻ പറ്റുന്നതിലും അപ്പുറമായിരുന്നു അത് . ആ മനസ്സ് എത്ര  വേദനിച്ചുവെന്ന് എനിക്ക് ചിന്തിക്കാൻ
കഴിഞ്ഞില്ല . രണ്ടു മാസങ്ങൾ കഴിഞ്ഞപ്പോൾ ൊരു ഫോൺകോൾ വന്നു . അമ്മയെ ഒരു തെരുവിൽനിന്നും മരിച്ച
നിലയിൽ കണ്ടെത്തി എന്നായിരുന്നു ആ ഫോൺകോൾ. ആ വ്രദ്ധമനസ്സ്  എന്നന്നേക്കുമായാണ്  ആ വീട്ടിൽ നിന്നും
ഇറങ്ങിപ്പോയതെന്ന്  ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

******



# കവികൾ ഇങ്ങനെ പറയുമ്പോൾ



വരരുചിപ്പഴമയിൽ പന്തിരുകുലത്തിന്റെ
ആറിത്തണുത്തുറഞ്ഞ പേറ്റുനോവുപോലെ. . . പഞ്ചമി
കാരമുള്ളിന്റെ നീറ്റൽ തൊട്ടറിഞ്ഞു. . .
ഒറ്റക്കല്ലുകൊണ്ട്
കൊടുങ്കാറ്റിന്റെ ഗതി തടഞ്ഞ്
കൽവിളക്കിലെ തിരിയണയാതെ സൂക്ഷിച്ച
കവിത
സ്വയം കവിളിൽ തലോടി. . .
പിഴച്ച് പോയ ശില്പമാണല്ലോ താൻ. . .

ചണ്ഡമാരുതനെപ്പോലെ സ്വയം
ചങ്ങലയഴിഞ്ഞ് വന്ന്
കുന്നിൻപുറങ്ങളിലേക്ക്
കല്ലുരുട്ടിക്കയറ്റിയവൻ
നിളയുടെ ഓളപ്പരപ്പിനും
കാലത്തിനും കൂടെനടന്നും ചിരിച്ചും പുലമ്പി
ഭ്രാന്ത്.  .എനിക്കോ ? . . ഞാനണിഞ്ഞ ചങ്ങലയ്ക്കോ?

കടമ്മനിട്ടക്കാവുകളിൽ നിന്ന്
മലയിറങ്ങിവന്ന കുറത്തിയും
ഈറൻ കണ്ണ് തുറന്ന് ഉറഞ്ഞാടിയ കാട്ടാളനും
വിരൽച്ചൂണ്ടി. . .
"നിങ്ങൾ ഓർക്കുക. . .നിങ്ങളെങ്ങനെ . . .
നിങ്ങൾ ഞങ്ങടെ കറുത്ത മക്കളേ. . ."

സ്വപ്നസഞ്ചാരങ്ങളിൽ
നെറ്റിപ്പട്ടമണിഞ്ഞ്
ബാല്യ-കൗമാരങ്ങളിലേക്ക് . . കാടകങ്ങളിലേക്ക്
ചിന്നം വിളിച്ചവൻ
പൂരപ്പറമ്പിൽ വെടിയേറ്റ് വീണത് കണ്ട്
വൈലോപ്പിള്ളിക്കവിതയിലെ
ലജ്ജകെട്ട തൊഴിലാളി
മുഷ്ടിചുരുട്ടി. . .
ദുഷ്പ്രഭുച്ചുലയാടികൾ പാർത്തയിപ്പുരയ്ക്കിടിവെട്ട് കൊള്ളട്ടെ . . . .


ഖസാക്കിലെ പനമ്പട്ടകളിൽ
തെക്കൻകാറ്റിന്റെ കടലിരമ്പം പോലെ
ബലികാക്കൾ ചേക്കേറിയത്കണ്ട്
ഇതിഹായകാരൻ
നെഞ്ചിൽതൊട്ടു. . .
മുത്തനബിയേ.. .തമ്പിരാക്കൻമാരേ. . .

കുറ്റിപ്പുറം പാലത്തിനക്കരെ
ജാ മാതാവിന്റെ  കൊട്ടാരകെട്ടിലേയ്ക്ക്
പടികയറിവന്ന കവി.. . .
ഉമ്മറക്കോലായിൽ വിതുമ്പുന്ന കവിതകണ്ട്. . .
സ്വയം പിൻവാങ്ങി. . . .
"വയസ്സാവുമ്പോൾ വഴിതെറ്റുന്നു
ഞാനങ്ങേവീട്ടിൽ കയറേണ്ടതാണ്"

ചെവിയറുത്ത് കാമിനിയ്ക്കുനൽകിയ കവി. . .
സ്വന്തം ഛായകണ്ട് അടക്കം പറഞ്ഞു. . .
നമുക്കു ചുറ്റും അപശബ്ദങ്ങളാണല്ലോ?. .

മുത്തശ്ശിക്കഥകളിൽ ആലിബാബയും
പരിവാരങ്ങളും നാട്ടുചുറ്റാനിറങ്ങിയപ്പോൾ
" കഥയില്ലാത്ത കുട്ടിക്കവിതകൾ
വിളിച്ചു പറഞ്ഞ് ചൊല്ലി . . .
നിങ്ങൾ നഗരാണെന്ന് "

മഹാരാജാവിന്റെ
പള്ളിവേട്ടയ്ക്ക് ചാർത്തിയ
തൊങ്ങൽ കണ്ട്
മറ്റൊരു കവി പറഞ്ഞു. .
ഓരോ മാതിരി ചായം മുക്കിയ
കീറത്തുണിയുടെ വേദാന്തം......?



**സി. ബി.കൃഷ്ണൻക്കുട്ടി**

# THE BLISS OF NATURE



It's a smile on your face with a warm embrace.

The Bliss is a world of colours where happiness resides,

It's a feeling of love so deep and strong,

It's an opulent passion of heavenly blessing,

It's mellifluous like shining stars and the glistening of dawn.

The Bliss is a state of refined happiness where no other experience tops it,

It's not just a pleasure or a dream,

It's note a bare romance or affection,

It's the peak of happiness which is so serene and unique.

***-Bliss Maria***

# DRUG EDUCATION

In modern society, the function of education is not merely to supply some amount of knowledge to the educand, but to develop in him desirable habits, interests, attitudes and skills which help him to lead a full and worthwhile life. Education depends on the total way of life of a society. Education is one of the reasons for social change: it could be seen that in most cases educational change tends to follow rather than initiate social change. It is increasingly reported that a significant size of our adolescent boys and girls are succumbed to the victims of drugs due to the influence of their peers and out side antisocial elements. These reports drug abuses and the resultant psycho — social — cultural impact is nearing an alarming rate which retards our socio — cultural advancements and educational attainments. Harmful drug use in our society continuous to be a major source of concern to its members and there is a clear demand for issues to be broadly addressed. All governments recognize that there is a real need to provide a safe environment for school students especially adolescents and to address parents concern about the impact of drugs on their families. For school students, drug use may adversely affect not only their physical and emotional health, but also their chances of maintaining a current and life long connection with education, achieving their full potential academically and living fulfilled and well adjusted lives.



Adolescents today are under tremendous pressure. The inner tension of the complexity of growing up has always been felt by youth in the past as well, but the growing pains of adolescents have been compounded by extremely difficult situations confirmed by the different individuals. Although science and technology has enriched our life, yet the price of the accelerated growth has to be paid specially by the young. The globalization of economy has literally brought the international life style into the very ordinary dwellings of common man in the third world countries. The T V, Internet and the availability of all kinds of medias has made the adolescents a confused lot. The intermingling of customs, fashions, cultures and above all the ideas are lead to the formation of social values and ethics has resulted in a sort of global ethos. The adolescents are indiscriminately copying behavior patterns of alien cultures thus losing their own identity as well as their own cultural heritage. There is nothing wrong in evolving new sets of values, but a critical examination and a rational approach is imperative for bringing about any meaningful changes in a society. The youth today is uncertain of the basic values in life. The older generation is too 'slow or too 'helpless to guide them.

Millions of youngsters in the world are taking drugs to escape the ugly and harsh realities of life. Drug addicts are sick people requiring lot of love and care so that they can find life

meaningful and worthy, a life full of purpose and gratitude. Reverend Mother Theresa had aptly described the plight of drug addicts in the following paragraphs. “Addicts shod not be disliked from the society. Why they smoke is not known so they should not be condemned, they should be made to feel that they are wanted. They should be made to feel that they are wanted. They should feel that they are cared for”.

Drug use and misuse is part of the history of our civilization. It's a world wide phenomenon. A few years ago drug addiction amongst school students was a phenomenon that affected the western and more affluent nations only. Though the use of drugs for escape and for pleasure was not uncommon in India. What is shocking in the fact that this evil is spreading on an alarming scale in India especially in Kerala, and we live in a society where there is wide spread use of drugs.

For centuries the use of drugs for pleasure or escape remained under control. Since elders and teachers were unquestionably obeyed and held in utmost respect, social customs were kept alive and the youngsters rarely indulged in smoking and drinking at least until they were under the guidance of their elders. The joint family system combined with the undivided attention of the family and society worked as an effective social check and the youngsters hardly ever went astray.



However, the times have changed. The breaking down society. of the joint family, the struggle to make a position for oneself e older in the competitive society, or too combined with the stress and strain of living a satisfactory lie in the in the materialistic world, has escape destroyed the very fabric of our of society. The nucleus family symbolizes independence and individualism. It has its own plus points but in the context of Indian social system it's negative impact on the parents had and children is becoming very obvious. When both parents are working and there is no one to take proper care of the little children, we can only except a new generation of adolescents growing up with insecurities and problems.

In the context of changing society in today's modern of time, Indian children are caught between the traditional A and modern way of life. The expectations of parent and teachers with regard to the school performance of children have also increased thus giving rise to several behaviour disorders. Hence behaviour problems in children are on rise today. However there are age wise variations in the behaviour problems in children. Adolescence is the time for trying new things and as a result of curiosity, they experiment with drugs. A drug is any substance that affects the way in which the body functions physically, emotionally or mentally. It includes legal substances like alcohol and tobacco and illegal substances like cannabis, heroin etc. Some teens experiment and stop, or continue to use occasionally, without significant problems others develop a dependency, moving on to more dangerous drugs and causing significant harm to themselves and possibly others.

Adolescents also have a strong propensity for risk taking behaviour and enjoy thrill and arousing experiences. The potential for disruption to families, academic performance, physical development and social integration into the world of adult life is most apparent during the teenage years. All these focused the importance of "Drug Education" during adolescence.

"Drug education is the imparting of socio, psychological and physical awareness of the use and misuse of drugs apart from the prescription of a physician and a working knowledge of the consequences of the misuse of drugs among students".

It may be observed that our country is enveloped in new waves of music, fashion, social values and above all the spirit of freedom and individualism. Parents have very limited time to provide "love and care" for their wards, because they are too busy in procuring materialistic happiness. Teachers who used to have a special and honourable place in the society are not respected or feared anymore as before. In our country, economic disparities are wide; majority of parents are not in a position to whatever their wards demand. Therefore, unsatisfied needs and 0esires lead to feelings of helplessness and frustration among the younger generation. The desire to escape is born out of this feeling of frustration. In the race to earn more and acquire more material comforts, modern youngsters have been stripped of their great cultural these heritage and spiritual strength. This deprivation has led to degradation of moral, ethical and human values; which is further aggravated by the onslaught of media. Hence, values conflict among the youngsters in turn entices them towards drug addiction.

# Drug Education and Schools

Drug misuse in our society is a major threat to individuals, families, and the wider community. Young people are influenced by their parents, peers, youth culture and the media etc. Schools alone cannot solve the problem of drug misuse in society. An effective programme of drug education in school will, however, help to ensure that young people are aware of the risks of drug taking and have the knowledge and skill to resist. We recognize our responsibility to treat drug misuse as an educational issue and to work, as appropriate, in partnership with the police, health services, and parents, to inform and protects the pupils of the school. What is important is to maintain a clear distinction between legal and illegal drugs. The policy is to place drugs education firmly in the context of an overall health education programme. The aim is to enable students to make informed decision highlighting the functions and potential dangers that all forms of drug use have in individual lives and society as a whole.

Together with parents, other primary caregivers and the broader community, the school shares the task of promoting positive social learning in young people. The school is an obvious access point for addressing the needs of young people and can play an important part in promoting the development of health enhancing values, attitudes and behaviours. Many factors are related to drug abuse in different social contexts and schools cannot be expected to take responsibility for all of these.

However, research has shown that the impact of the school on drug related problems can be substantial if a comprehensive, collaborative effort in addressing these problems is utilized and specific elements critical to effective drug education are identified.




Drug education in schools is important because drug use may occur before, after or during school, which can directly affect the performance of the user and indirectly affect other students. The use of certain substances by students can impair physical, intellectual and emotional and social development. Experimentation, which often begins at school age, can lead to regular and problematic drug use. The friendship networks formed at school can be a strong socializing factor in making decisions about drug use during adolescence. School can facilitate structured approaches to the provision of positive role models and positive peer influences to promote health enhancing behaviour.

Drug abuse is one of many factors that influence the health and personal development of young people and does not occur in isolation from other health related behaviours. Therefore, it is desirable to place drug education efforts within a comprehensive curriculum area encompassing health. Drug education involves issues related to values, lifestyle and health choices, and should take place within a coordinated education approach that will benefit from the consultation with the family, community, media and service based groups.

SANEESH PV
GHSS SREEPURAM

# സഞ്ചാരത്തിന്റ് ലോകം

ഞാൻ കുറയെ യാത്ര ചെയ്തിട്ടുണ്ട്.എന്നാൽ മറക്കാനാവാത്ത ഒരു യാത്രയായിരുന്നു ഹംപിയിലേക്കുള്ള യാത്ര.എന്റെ അമ്മയുടെണ്ടായിരുന്ന ആഗ്രഹമായിരുന്നു ഹംപിയിലേക്ക് പോകണമെന്നത്.അമ്മയെ +2 പഠിപ്പിച്ച ചരിത്ര അധ്യാപകൻ പറഞ്ഞകാര്യമാണ് നിങ്ങൾ ജീവിച്ചിരിക്കുമ്പോഴൊരിക്കലെങ്കിലും ഹംപിക്ക് പോകണമെന്നത്.പിന്നെ അമ്മ എന്നോടും എന്റെ ചേട്ടനോടും പറഞ്ഞു.എന്നാൽ വർഷങ്ങൾ കഴിഞ്ഞാണ് അത് നടന്നത്.2023 ഡിസംബർ 26 എന്ന തിയതിക്കായി കാത്തിരിക്കാൻ തുടങ്ങി.അന്നാണ് ഞങ്ങൾ ഹംപിക്ക് പോയത്.ക്രിസ്തുമസ് ദിവസം കഴിഞ്ഞ് 26ാം തിയതി പുലർച്ചെ 5:00 മണി ആയ സമയത്ത് ഞങ്ങൾ യാത്ര തുടങ്ങി. വീട്ടിൽ നിന്ന് 533 കിലോമീറ്ററോളം ദൂരം സഞ്ചരിക്കണം.കേരളകർണാടക ബോർഡറിലെത്തി.കുട്ടുപുഴ-മാക്കുട്ട



ചെക്ക് പോസ്റ്റും കഴിഞ്ഞ് കൂർഗ് വനമേഖലയിലൂടെ മരങ്ങളും പക്ഷികളുടെ ചിലപ്പും കേട്ട് 18 കിലോമീറ്ററോളം വനത്തിലൂടെ യാത്ര ചെയ്തു.വനം കഴിഞ്ഞപ്പോൾ മലകളുടെ ഇടയിൽ നിന്ന് സൂര്യൻ ഉദിച്ചു വരുന്നു.കൊടും തണുപ്പാണുണ്ടായിരുന്നത് പോകും തോറും തണുപ്പ് കൂടി വന്നിരിന്നു.മൈസൂർ റൂട്ടിലൂടെ ഹസ്സനിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു.അരകലഗുഡ് എന്ന സ്ഥലത്തുനിന്ന് ഭക്ഷണം കഴിച്ച് പിന്നെയും യാത്ര തുടങ്ങി .ഒൻപതു മണിയാവാറയപ്പോൾ ഹസ്സന്റെ അടുത്തെത്തി.അപ്പോൾ ഒരു പെട്രോൾ പമ്പിൽ നിന്ന് ഫുൾ പെട്രോൾ അടിച്ചപ്പോൾ എണ്ണ ഒഴുകുന്ന പൈപ്പിൽ നിന്ന് പെട്രോൾ ലീക്കാകുന്നു.അവിടെയുള്ളയാളുകൾ പറഞ്ഞു അടുത്തുള്ള ഒരു വർക്ക് ഷോപ്പിൽ ഒന്ന് കാണിക്കുക. പിന്നെ ഹസ്സനിലെ ഒരു വർക്ക് ഷോപ്പിൽ വണ്ടി കയറ്റി 9:00 മണിക്കെത്തിയ ഞങ്ങൾ 12:00 മണിയോടെയാണ് അവിടെ നിന്ന് പോയത്. അവിടെയുള്ളവരുടെ ഉത്തരാവാദിത്യമില്ലായ്മയും അലസതയുമാണ് ഇതിനു കാരണം.യാത്ര പിന്നെയും തുടർന്ന് ഭക്ഷണം കഴിച്ചു.അടുത്ത ടൗൺ ചിത്രദുർഗയാണ്.ചിത്ര ദുർഗ കഴിഞ്ഞപ്പോൾ കേരളത്തിലെ റബ്ബർ തോട്ടങ്ങൾ പോലെ കാറ്റാടികൾ നിരനിരയായി നിൽകുന്നു. ആ ഇടങ്ങളിലേക്കുള്ള വൈദ്യുതി ഈ കാറ്റാടിയിൽ നിന്നാണ് കിട്ടുന്നത്. ആ സ്ഥലങ്ങൾ ഡക്കാൻ പീഠഭൂമിയുടെ ഭാഗമാണ് ഹംപിയും യാത്ര ചെയ്യുന്ന പ്രദേശങ്ങളും. പിന്നെ സൂര്യൻ അസ്തമിച്ച്


ഇരുട്ടിലേക്ക് യാത്ര തുടങ്ങി അവസാന ടൗണാണ് ഹോസപെട്ട്.
അവിടെയെത്തി.അവിടെയാണ് തുംഗഭദ്ര നദിയെ ഡാമാക്കിയിരിക്കുന്നത്.ഹോസപെട്ടയിലെ റെയാൻ എന്ന ലോഡ്ജിൽ ഞങ്ങൾ താമസിച്ചു. അത്താഴവും കഴിച്ചു പിന്നെ ഉറക്കത്തിലേക്ക് . നേരം വെളുത്തു ഞങ്ങൾ യാത്ര തുടങ്ങാൻ പോകുന്നു. അതിനു മുമ്പ് രാവിലെ ഭക്ഷണവും കഴിഞ്ഞ് യാത്ര തുടങ്ങി.ഹോസപെട്ടയിൽ നിന്ന് ഹംപിക്ക് 14 km മാത്രമേയുള്ളു .കുറച്ചു കഴിഞ്ഞപ്പോൾ ഹംപിയുടെ കവാടത്തിലെത്തി ആദ്യത്തെ സ്ഥലം വിരുപക്ഷ ക്ഷേത്രമാണ് . ക്ഷേതൃത്തിന്റെ ഉൾഭാഗത്തും കവാടത്തിലും നിറയെ കൊത്തു പണികൾ ചെയ്തു വച്ചിരിക്കുന്നു.അതു അതിമനോഹരമായ ഒരു കാഴ്ചയാണ് .അതിന്റെ ചുറ്റുവട്ടത്തിൽപലതരം കാഴ്ചകൾ കാണാനുണ്ട്. അമ്പലത്തിന്റെ വലതുവശത്ത്
പടവുകൾ കയറി ചെന്നാൽ ഹംപിയുടെ തനതായ പട്ടുകുറ്റൻ പാറകൾ കൊണ്ടുള്ള മലകൾ കാണാം .എന്തു ഭംഗിയാണത്! ഇടതു വശത്തു തുംഗഭദ്ര നദി ഒഴുകുന്നു. ഹംപിയെ നനക്കുന്നത് ഈ നദിയാണ്.ഇനി അടുത്ത സ്ഥലത്തേക്ക്, വിത്തല ടംബിശ
അവിടെയാണ്. 50 രൂപയുടെ പുറകിലുള്ള ചിത്രം. ഉള്ളിൽ കയറാൻ ക്യൂആർ കോഡ് വഴിയെ പറ്റുകയുള്ളു. ആ രഥത്തിന്റെ പൂർണമായ രൂപം നേരിൽ കാണാൻ വളരെ മനോഹരമാണ് .പിന്നെ അവിടെത്തന്നെ മ്യൂസിക്കൽ പില്ലറുകൾ ഉണ്ട്. അതിന ശക്തിയായി അടിക്കുമ്പോൾ സ,രി,ഗ,മ,പ ശബ്ദങ്ങൾ ഉണ്ടാകുന്നു. പിന്നെ കുറച്ചു സ്ഥലങ്ങൾ
അടുത്തടുത്താണ് എലിഫെന്റ് സ്റ്റേബിൽ, മഹാനവമി ദിബ,ലോട്ടസമഹാൽ ,ക്യൂൻസ് ബാത്ത്. എലിഫെന്റ് സ്റ്റേബിലും ലോട്ടസ് മഹലുംഒറ്റച്ചുറ്റമതിലിനുള്ളിലാണ് വിജയനഗര സാമ്രാജ്യത്തിലെ ആനകളെ അവിടെയാണ് വളർത്തിയിരുന്നത് .കൊത്തുപണികൾ കൊണ്ട് പൂർണമാണ് ലോട്ടസ് മഹലും എലിഫെറ്റ് സേറ്റബിളും .പിന്നെ മഹാനവമി ിബ് രാജാവ് മഹാനവമി നാളിൽ അതിന്റെമുകളിൽ കയറി നിന്നാണ് പാട്ടും, നൃത്തവും പട്ടാളത്തിന്റെ മാർച്ചും കണ്ടത് അതിമനോഹരമായ കാഴ്ച. പിന്നെ ക്യൂൻസ് ബാത്തിലേക്ക്.രാജ്ഞി കുളിച്ചിരുന്ന ഇടമാണത്. ഉച്ചഭക്ഷണത്തിനുശേഷം നരസിംഹ പ്രതിമകാണാൻ പോയി ഹംപിയിലെ എറ്റവും വലിയ പ്രതിമ. ഹംപിയെന്നാൽ കൊത്തുപണികളാൽ തീർത്ത ഒരു സ്ഥലമാണ്.അവിടെയുള്ള ശിലകൾ കൊണ്ട് കൊത്തിയാണ് എല്ലാം പണിതിരിക്കുന്നത്.

പിന്നെ അവസാനസ്ഥലം ആഞ്ജനേയാഹിൽസ് പോകും വഴിയിലെ കാഴ്ചകൾ മനോഹരമാണ്. 500 പടവുകൾ കയറി വേണം മലയുടെ മുകളിലെത്താൻ അവിടെ കണ്ടകാഴ്ചയാണ് ഏറ്റവും മനോഹരം ഹംപി പ്രദേശം മുഴുവൻ ആരോ കല്ലുകൾ കൂട്ടിയിട്ടിരിക്കുന്നതു പോലെ വിജയനഗര സാമ്രാജ്യം വ്യാപിച്ചിരിക്കുന്നു.രാജാവ് ശത്രുക്കളിൽ നിന്ന് രക്ഷപെടാൻ വേണ്ടിയായിരിക്കും ഇവിടം തിരഞ്ഞെടുത്തത്. മറ്റുരാജ്യങ്ങളിൽ നിന്ന് രക്ഷനേടാൻ ഈ പാറകൾ അന്നവരെ സഹായിച്ചിരുന്നു.പാറകൾ കൊണ്ട് ചുറ്റുമതിലുകൾ പണിതതുപോലെയാണ് വിജയനഗര സാമ്രജ്യത്തിന്റെ തലസഥാനമായ ഹംപി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.പിന്നെ ഞങ്ങൾ അവസാന സ്ഥലമായ തുംഗഭദ്ര ഡാമിലേക്ക് പോയി .ഡാം അടച്ചെങ്കിലും അതിനെ ചുറ്റി പറ്റിയുള്ള കടകളുംപാർക്കുകളും കണ്ട് ഞങ്ങൾ ലോഡ്ജിലേക്ക് പോയി. .ഈ യാത്രയിലെഒരു കാര്യമാണ് ക്രിസ്തുമസിനു ശേഷമാണ് ഞങ്ങൾ പോയത് 26 മുതൽ 28 ആം തിയതിവരെ ഞങ്ങൾ നോയമ്പിലായിരുന്നു.കാരണം കർണാടകയിലെ പലസ്ഥലത്തും ഹംപി പ്രദേശത്തു  വെജിറ്റേറിയനായി മാറി ഞങ്ങൾ. പിന്നെ രാത്രി ഉറങ്ങിയതിനു ശേഷം രാവിലെ യാത്ര തുടർന്നു. കാറ്റാടി പാടവും മലകളും വനവും കണ്ട് ഞങ്ങൾ വീട്ടിലെത്തി. ജീവിതത്തിൽ ഒരിക്കലെങ്കിലും
ഹംപിയിൽ പോകണമെന്ന ആഗ്രഹം സഫലമായി .ഞാൻ ചെയ്ത യാത്രയിൽ ഏറ്റവും നല്ല ഒരു യാത്രയായിരുന്നു ഹംപിയാത്ര.

Alphonse Mathew

# വായിക്കമ്പ

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കൂർഗ് റോഡിലൂടെ ആലക്കോട് മണക്കടവ് എന്ന കൊച്ചു ഗ്രമത്തിലെ വായിക്കമ്പ എന്ന സ്ഥലത്തെ കുറിച്ചാണ് ഇവിടെ പറയുന്നത്.



മണക്കടവ് നിന്നും 3 കിലോമീറ്റർ ഉള്ളിലേക്ക് പോകുമ്പോൾ ആണ് വായിക്കമ്പ എന്ന പ്രകൃതി രമണീയമായ സ്ഥലത്തേക്ക് എത്തുന്നത് പച്ചപ്പുനിറഞ്ഞ മലകളും പുഴകളും, തോടുകളും എല്ലാം അതിമനോഹരമായ ഒരു ഭൂപ്രദേശമാണ് വായിക്കമ്പ കർണാടക അതിർഥി ആണ് വായിക്കമ്പ. കാടിനോടു ചേർന്നുകിടക്കുന്നതും നല്ല തണുപ്പും ഉള്ള പ്രദേശമാണ് വായിക്കമ്പ. ദൂരെ സ്ഥലങ്ങളിൽ നിന്നും സഞ്ചാരികൾ വന്നു തുടങ്ങിയ ഒരു ചെറിയ വിനോദസഞ്ചാരകേലന്ദ്രമാണ് വായിക്കമ്പ.തിരുവിതാംക്കൂറിൽ നിന്നും കൊടിയേറി പാർക്കുന്ന ജനങ്ങളാണ് ഇവിടെ അധികവും. അന്ന് തിരുവിതാംക്കൂറിൽ നിന്നും കുടിയേറിയ കർഷകർക്ക് സ്ഥലമില്ലാതെ ബുദ്ധിമുട്ടിയ കാലയളവിൽ തിരുവിതാംക്കൂർ രാജകുംടുംമ്പാങ്കമായ പി.രാമവർമ്മരാജ തന്റെ സ്ഥലം ജനങ്ങൾക്കു വീതവും നൽകി. അന്നത്തെ ആളുകൾ കാടു വെട്ടിത്തെളച്ചും കാട്ടുമൃഗങ്ങളോട് മല്ലിട്ടും ആണ് കൃഷിചെയ്തിരുന്നത്. അങ്ങനെ പൂർവികരുടെ കഷടപ്പാടുകൊണ്ടാണ് ഇന്നത്തെ വായിക്കമ്പ എന്ന മനോഹരഗ്രാമം ഉള്ളത്.എന്നിരുന്നാലും കാട്ടുമൃഗങ്ങൾ ഇപ്പോഴും അവിടെ ഒരു പേടി സ്വപ്നമാണ്. കർണാടകവും വായിക്കമ്പയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പുഴയുണ്ട്. അത് വേനലായാൽ  വറ്റി വരളും.അങ്ങനെയാണ് കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നത്.വായിക്കമ്പയോട് .ചേർന്നുകിടക്കുന്ന ഒരു പ്രദേശമാണ് അങ്കരകൊല്ലി.അങ്കരം എന്നാൽ ഒരു മരത്തിന്റെ പേരാണ്. അത് നമ്മുടെ ശരീരത്തിൽ മുട്ടിയാൽ ശരീരം പഴുത്ത് വ്രണം ആവും. അങ്കരം എന്ന മരം ധാരാളമായി ഈ സ്ഥലത്ത് കാണപ്പെടുന്നതുകൊണ്ടാണ് ഈ സ്ഥലത്തിനു അങ്കരകൊല്ലി എന്ന പേര് വന്നത്.വീതികൂടിയ പുഴയാണ് വായിക്കമ്പയുടെ പ്രധാന സവിശേഷത. കർണാടക വനത്തിൽ നിന്നും ഒഴുകിവരുന്ന പുഴയാണത്. ഇവിടുത്തെ കാറ്റിനും ഉണ്ട് പ്രത്യേകത.  ഇവിടുത്തെ കാറ്റിന് ചന്ദത്തിന്റെയും കാട്ടുപൂക്കളുടെയും സുഗന്ധമാണ്. നിറയെ മരുന്നുകൾ നിൽക്കുന്ന കാട്ടിലൂടെ ഒഴുകിവരുന്നതുകൊണ്ട് ഇവിടുത്തെ പുഴയിലെ വെള്ളം ഔഷധഗുണമുള്ളതാണ്. ഇവിടെയുള്ള ജനങ്ങളുടെ ഒത്തൊരുമയുടെ ഫലമാണ് ഇവിടെ മെക്കാഡം ടാറിങ്ങ്,വൈദ്യുദി പ്രാഥമിക ആരോഗ്യകേന്ദ്രം,അംഗൻവാടി,ചെറിയ മൂന്ന് കടകൾ എന്നിവയൊക്കെ വന്നത്. വിനോദ സഞ്ചാരകേന്ദ്രമായി വായിക്കമ്പ മാറുന്നതുകൊണ്ട് ഇപ്പോൾ സിനിമാക്കരുടെ ഒരു ഇഷടലൊക്കേഷനായി കൂടി വായിക്കമ്പ മാറുകയാണ്. പ്രകൃതി രമണീയതയാൽ അതിമനോഹരമായ  ഒരു പ്രദേശമാണ് വായിക്കമ്പ.ഭാവിയിൽ വായിക്കമ്പ അറിയപ്പെടുന്ന ഒരു വിനോദസഞ്ചാരകേന്ദ്രമായി മാറിയേക്കാം

-ആര്യനന്ദ സുധീഷ്
9B

# ഒരുവാക്ക്

ഒരിടത്ത് ഒരു പാവപ്പെട്ട അമ്മ ഉണ്ടായിരുന്നു. ആ അമ്മയ്ക്ക് ഒരേ ഒരു മകനേ ഉണ്ടായിരുന്നുള്ളൂ.ആ അമ്മയുടെ ഭർത്താവ് ഒരു അപകടത്തിൽ മരിച്ച് പോയിരുന്നു. അവർ പ്രണയിച്ചാണ് വിവാഹം ചെയ്തത്. അതുകൊണ്ട് തന്നെ ആ സ്ത്രീയുടേയും ആ യുവാവിന്റെയും വീട്ടുകാർക്ക് അവരെ ഇഷ്ടമല്ലായിരുന്നു. അപ്പോൾ അവരുടെ ഭർത്താവ് മരിച്ചപ്പോൾ ആ അമ്മ സഹായം ചോദിച്ച് അവർടെ വീട്ടിലേക്ക് ചെന്നു. പക്ഷെ അവർ അമ്മയെ വീട്ടിൽ കയറ്റിയില്ലാ. കാരണം ആ അമ്മ വീട്ടിലേക്ക് ചെന്നത് ഒരു കുഞ്ഞുനേയും കൊണ്ടായിരുന്നു. ആ അമ്മയുടെ അച്ഛൻ പറഞ്ഞു - നീ ഒരു കുഞ്ഞിനെയും കൊണ്ടല്ലാ വീട്ടിലേക്ക് വന്നതെങ്കിൽ നിന്നെ ഞാൻ സഹായിക്കുമായിരുന്നു. നീ ഈ കുട്ടിയെ ഉപേക്ഷിക്കുകയാണെങ്കിൽ നിന്നെ ഞാൻ വീട്ടിൽ കയറ്റി സഹായിക്കാമായിരുന്നു. ആ അമ്മയ്ക്ക് വിഷമമായി. അവർ ദേഷ്യപ്പെട്ടു പറഞ്ഞു. നിങ്ങളോട് എന്ത് കുറ്റമാണ് ഈ കുഞ്ഞ് ചെയ്തത്? തെറ്റ് ഞാനല്ലെ ചെയ്തത്. എനിക്ക് ഈ കുഞ്ഞിനെ ഉപേക്ഷിക്കാൻ കഴിയില്ല.
എന്റെ കുഞ്ഞ് ഇല്ലാത്ത വീട്ടിൽ നിന്ന് എനിക്ക് സഹായം വേണ്ട. ആ അമ്മ വീട്ടിൽ നിന്നിറങ്ങി. ആ അച്ഛൻ
പുച്ഛത്തോടെ പറഞ്ഞു - ഒരു ജോലിയും കൂലിയും ഇല്ലാത്തവന്റെ കൂടെ ഇറങ്ങിപ്പോയ ഇവൾ അനുഭവിച്ചില്ലെ
എന്നിട്ടും ഇനിയും അഹങ്കാരവോ . ഇവൾ എവിടെവരെ ചെല്ലുമെന്ന് കാണാം.
അങ്ങനെ കുറച്ച് വർഷങ്ങൾ കഴിഞ്ഞു.......ആ മകൻ വലുതായി. ആ അമ്മ അവനെ ബാലു എന്ന് പേരിട്ടു. അമ്മ അവനെ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയിരുന്നത്. ഒരോ വീടുകളിൽ അടുക്കളപണി ചെയ്താണ് അമ്മ അവനെ വളർത്തിയതും പഠിപ്പിച്ചതും . നാളുകൾ കഴിഞ്ഞ് പോയി. . . . . ബാലു ഇപ്പോൾ ഒരു ബാങ്ക് മാനേജർ ആണ്. അവർ ഇപ്പോൾ പഴയതു പോലെ ഒന്നുമില്ലാത്തവരല്ല. . വലിയ വീടും, കാറും എല്ലാം അവർക്കുണ്ട്. അവർ വളരെ സന്തോഷമായി ജീവിച്ചു . ആയിടക്ക് അമ്മയുടെ മനസ്സിൽ ഒരു ആഗ്രഹം ഉണ്ടായി. എന്റെ മകന് ഇത്രയും പ്രായം ആയില്ലെ. അവന് സ്വന്തമായി ജോലിയും ഉണ്ട് . അപ്പോൾ അവനെ ഒരു കല്യാണം കഴിപ്പിച്ച് കൊടുക്കണം . അങ്ങനെ ആഗ്രഹം അമ്മ ബാലുവിനോട് പറഞ്ഞു . മോനെ,അമ്മയ്ക്ക് ഒരു ആഗ്രഹം . അമ്മയുടെ കണ്ണടയുന്നതിന് മുമ്പ് മോൻ ഒരു കല്യാണം കഴിക്കുന്നതാ കാണണം. അമ്മയ്ക്ക് ഇത് പറയുമ്പോൾ മകൻ അതിന് സമ്മതിക്കുമോ എന്ന ഭയം ഉണ്ടായിരുന്നു. അവസാനം മകൻ പറഞ്ഞു എനിക്കൊരു കുട്ടിയെ ഇഷ്ടമാണ് അവളെ അല്ലാതെ ആരെയും ഞാൻ വിവാഹം ചെയ്യില്ല. ആ അമ്മ പറഞ്ഞു - എനിക്ക് വളരേ സന്തോഷമായി മകനേ. അമ്മയ്ക്ക് ഇതിൽ ഒരു താൽപര്യക്കുറവുമില്ല. . . അമമയുടെ മനസ്സിൽ മകന്റെ കല്യാണനാളുകളുടെ ചിന്ത ആയിരുന്നു.

അങ്ങനെ , വിവാഹ ദിവസം എത്തി . മകൻ വിവാഹം ചെയ്യുന്നത് കണ്ട അമ്മയ്ക്ക് സന്തോഷമായി അങ്ങനെയിരിക്കെ, ഒരു ദിവസം, ആ മകൻ ബാങ്കിൽ പോയി. അപ്പോൾ ആ ഭാര്യയാണ് പറഞ്ഞയച്ചത്. അവൾ ബാലുവിനോട് പറഞ്ഞു - ഇനി നിങ്ങൾടെ അമ്മയെ ഞാൻ സഹിക്കേണ്ട. ബാലു ഒന്നും പറയാതെ ഇറങ്ങി പോയി . അമ്മ ഇതെല്ലാം കേട്ടിരുന്നു. ആ മകൾ എന്നും തന്റെ ഭർത്താവ് പോയെന്ന് ഉറപ്പുവരുത്തിയ ശേഷം അമ്മയെ കഷ്ടപ്പെടുത്താൻ തുടങ്ങി. അവൾ അവളുടെ തുണികൾ പോലും അമ്മയെക്കൊണ്ട് കവുകിച്ചു. അതുമാത്രമല്ല, അവൾ വീട്ടിലെ ഒരു ജോലി പോലും ചെയ്യിരുന്നില്ല. ഇതെല്ലാം ഇവൾ ആ അമ്മയെകൊണ്ട് ചെയ്യിപ്പിക്കും. ഇതെല്ലാം ചെയ്യാൻ അമ്മയ്ക്ക് വളരെ ഇഷ്ടമായിരുന്നു. പക്ഷേ , ഇതെല്ലാം ചെയ്യില്ലെങ്കിൽ അവൾ അമ്മയുടെ കൈകൾ നല്ല ചൂടുവെള്ളത്തിൽ മുക്കി വെക്കുമായിരുന്നു. ആ അമ്മ വേദനകൾ സഹിച്ചു നിൽക്കും. അമ്മ അമ്മയുടെ റൂമിൽ ആരും കാണാതെ പോയി കരയുമായിരുന്നു . എന്നാൽ അവൾ ഭർത്താവിനോട് ഇതെല്ലാം തിരിച്ചാണ് പറഞ്ഞിരുന്നത് അവൾ പറഞ്ഞത് ജോലി ചെയ്യാതിരുന്നാൽ അമ്മ തന്റെ കൈകൾ ചൂടുവെള്ളത്തിൽ മുക്കുമെന്നായിരുന്നു. ഇതെല്ലാം കേട്ട് നിന്ന ബാലുവിന് ദേഷ്യം വന്ന് അവൻ അമ്മയെ ഒരു വടി വെച്ച് തല്ലി. നിങ്ങൾ എന്റെ ഭാര്യയെ ഉപദ്രവിക്കും അല്ലേ തള്ളേ. . . . നിങ്ങൾ ഇതിനാണോ ഇവളെ വിവാഹം ചെയ്യാൻ പറഞ്ഞത്. ഇപ്പോൾ ഈ വീട്ടിൽനിന്ന് ഇറങ്ങിക്കോണം. ബാലു തന്റെ അമ്മയെ ഇറക്കിവിട്ടു. ഇതെല്ലാം കണ്ട് നിന്ന മകൾ മനസ്സിൽ സന്തോഷിച്ചു. ആ അമ്മ മകനോട് കരഞ്ഞു. മോനെ ഞാൻ ഇങ്ങനെ ചെയ്തില്ല . ഞാൻ പറയുന്നതൊന്ന് വിശ്വസിക്ക് . അമ്മ ഇങ്ങനെയൊക്കെ മകനോട് പറഞ്ഞെങ്കിലും മകൻ അതൊന്നും കേട്ടില്ല. അവൻ അമ്മയെ വീട്ടിൽനിന്ന് ഇറക്കി വിട്ടു.

അങ്ങനെ അമ്മ അവിടം വിട്ടിറങ്ങി. അമ്മയുടെ കണ്ണ് അപ്പോഴും നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. താൻ കഷ്ടപ്പെട്ടു വളർത്തിയ മകൻ ഒരു നിമിഷം കൊണ്ട് തള്ളിപ്പറഞ്ഞതാലോചിച്ച് ഒരുപാട് വിഷമിച്ചു. അങ്ങനെ ആ അമ്മ എങ്ങോട്ടെന്നില്ലാതെ അലഞ്ഞു നടന്നു .

നാളുകൾ കഴിഞ്ഞ് ബാലു സത്യങ്ങൾ എല്ലാം തിരിച്ചറിഞ്ഞു. ദേഷ്യം വന്ന ബാലു അവളെ തല്ലി. അവൻ പറഞ്ഞു - നീ എന്ന ഒരു പെണ്ണിന് വേണ്ടി ഞാൻ എന്റെ അമ്മയെ തള്ളിപ്പറഞ്ഞു . ഇത്രമാത്രം കുറ്റം ചെയ്യാൻ എന്തു തെറ്റാടി അമ്മ നിന്നോട് ചെയ്തത് . അങ്ങനെ അവൻ അമ്മയെ അന്വേഷിച്ച് തുടങ്ങി . അവസാനം അവൻ ഒരു സ്ഥലത്തെത്തി . പക്ഷേ എത്തിയെപ്പോഴേക്കും അമ്മ മരിച്ചിരുന്നു. ഒരു യുവാവാണ് ഈ വിവരങ്ങൾ പറഞ്ഞത് . രണ്ട് ദിവസം മുൻപ് ഒരു ചീഞ്ഞ ശവം ആയ പോലെ ഇവിടെ കിടക്കുന്നുണ്ടായിരുന്നു. അവരുടെ കൈയ്യിലുണ്ടായിരുന്ന കവറിൽ നിങ്ങളുടെ ഒരു ഫോട്ടോ ഉണ്ടായിരുന്നു. അപ്പോഴാണ് മനസ്സിലായത്. ബാലു മാറത്തടിച്ചുകൊണ്ട് കരഞ്ഞു . തന്റെ അമ്മയെ ഓർത്ത് പശ്ചാത്തപിച്ചു.

- കണ്ടില്ലേ കൂട്ടുകാരെ ഒരു ഭാര്യയുടെ പേരിൽ സ്വന്തം അമ്മയെ തള്ളിപ്പറയുന്നത് . നമ്മൾ നമ്മുടെ അമ്മയെ ഒരിക്കലും തള്ളിപ്പറയരുത് കാരണം നമ്മുടെ അമ്മ നമ്മളെ പൊന്ന് പോലെ എല്ലാം സഹിച്ചാണ് നമ്മളെ വളർത്തുന്നത്

# അവഗണിക്കപ്പെടുന്ന വാർദ്ധക്യം



*1947* സ്വാതന്ത്ര്യസമരം,യുദ്ധകാലം. ഒരിടത്ത് ത്രേസ്യ എന്ന ഒരു അമ്മ തന്റെ ഒമ്പത് മക്കളോടൊപ്പം ജീവിക്കുന്നു. ദാരിദ്ര്യത്തിന്റെയും ക്ഷാമത്തിന്റെയും പട്ടിണിയുടേയും കാലം. ത്രേസ്യായുടെ ഭർത്താവ് തികഞ്ഞ ഒരു മദ്യപാനിയായിരുന്നു. അദ്ദേഹമാണ് സോളമാൻ. പ്രഭുകുടുംബത്തിൽ ജനിച്ചുവളർന്ന അദ്ദേഹത്തിന്റെ മദ്യപാനംകൊണ്ട് സമ്പത്തെല്ലാം നഷ്ടപ്പെട്ട് ദരിദ്രനായി കഴിയുന്നു. അദ്ദേഹം പമിയെടുക്കുന്ന പണം കൊണ്ട് അദ്ദേഹത്തിന് മദ്യം വാങ്ങാൻ പോലും തികയുന്നില്ലായിരുന്നു. അതിനാൽ മറ്റുള്ളവരോട് കടം വാങ്ങി കുടിക്കുന്ന ശീലമാണ് അദ്ദേഹം പിന്തുടർന്നു പോന്നത്.

അങ്ങനെയിരിക്കെ *1947* സ്വാതന്ത്രസമരകാലത്താണ് യുദ്ധവും പട്ടിണിയുമായി കഴിയുന്നു.ത്രേസ്യാ തന്റെ മക്കളുടെ വിശപ്പ് കുറച്ചെങ്കിലും ശമിപ്പിക്കാൻ വേണ്ടി കൂലിപ്പണിക്ക് പോയി അതിൽനിന്ന് കിട്ടുന്ന പണം കൊണ്ട് ഭക്ഷണം ഉണ്ടാക്കുന്നു. പല ദിവസങ്ങളിലും ത്രേസ്യാ ഒഴിഞ്ഞവയറുകളോടെയായിരുന്നു ഉറക്കത്തിലേക്ക് ചായാറുള്ളത്. രാത്രി മദ്യപാനം കഴിഞ്ഞ് വരുന്ന ഭർത്തവിന്റെ അടിയും ഇടിയുംകൂടി ത്രേസ്യാക്ക് സഹിക്കേണ്ടി വരുന്നു. മക്കൾ ഇതിനൊന്നും പ്രതികരിക്കാനാകാതെ ഇങ്ങനെ വളരുന്നു. ബ്രിട്ടീഷ് ഭരണമാണല്ലോ അപ്പോൾ ഇന്ത്യയിൽ നിലനിന്നിരുന്നത്.

അങ്ങനെ , ഒരു ദിവസം ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ കുതിരസവാരി നടത്തുകയായിരുന്നു. ആ സമയം സോളമൻ മദ്യപാനവും കഴിഞ്ഞ് ബോധമില്ലാതെ ആ ബ്രിട്ടീഷ് ഉദ്യോഗസ്ഥനോട് എന്തൊക്കെയോ പറയുകയും ചെയ്തു . അത് കേട്ട് കുപിതനായ ഉദ്ധ്യോഗസ്ഥൻ തന്റെ വാൾ അരയിൽനിന്ന് ഊരിയെടുത്ത് സോളമനെ കൊന്നു. അതിനുശേഷം സോളമനെ ആ നഗരകവാടത്തിങ്കൽ തൂക്കിയിടുകയും ചെയ്തു. ഈ വിവരം അറിഞ്ഞ സോളമന്റെ കുടുംബം വളരെയധികം ദുഖിതരായി. അതിനുശേഷം സോളമന്റെ മരണാനന്തരചടങ്ങുകൾ നടത്തുകയും ചെയ്തു. അങ്ങനെ വിധവയായ ത്രേസ്യാ കുടുംബനാഥനില്ലാത്ത ആ കുടുംബതതിന്റെ നാഥനായിമാറി .

ത്രേസ്യാ കുട്ടികളുടെ വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന ഒരു വ്യക്തിയായിരുന്നു. തന്റെ അഞ്ച് പെൺമക്കളെയും നാല് ആൺകുട്ടികളെയും അവർ വിദ്യാഭ്യാസസമ്പന്നരാക്കി മാറ്റി . മറ്റൊരു ബന്ധുബലമോ കുടുംബലമോ ഇല്ലാതിരുന്ന ത്രേസ്യ എല്ലുമുറിയെ പണിയെടുത്തു. മിക്ക ദിവസങ്ങളിലും ത്രേസ്യാക്ക് ഭക്ഷണം കഴിക്കുവാനുള്ള സാഹചര്യം ലഭിച്ചിരുന്നില്ല. എങ്കിലും അവൾ തന്റെ കുഞ്ഞുങ്ങളെ പൊന്നുപോലെ നോക്കി. ആ സമയത്ത് പെൺമക്കൾ അടുക്കളയിലും ആൺമക്കൾ പുറംകാര്യങ്ങളിലും സഹായിച്ചിരുന്നു. അതിനുശേഷം ഓരോ മക്കളായി പഠിക്കാനായി ഹോസ്റ്റലിൽ നിക്കാനായി പോയി.

ആ സമയം ആ അമ്മ തന്റെ മക്കൾക്കായി പത്തും പതിനഞ്ചും കിലോമീറ്റർ പലഹാരവും മറ്റും കൊണ്ടുപോയി കൊടുക്കുമായിരുന്നു. ത്രേസ്യായ്ക്ക് മാറിയുടുക്കാൻ ശെരിക്കും ഒരു തുണി പോലും ഉണ്ടായിരുന്നില്ല . ഒരു ആഭരണമോ ഒന്നും അവൾക്ക് ഉണ്ടായിരുന്നില്ല എങ്കിലും അവൾ തന്റെ മക്കൾക്ക് ഒരു കുറവും വരാതെ എല്ലാകാര്യങ്ങളും കൃത്യമായി ചെയ്തിരുന്നു . അങ്ങനെ മക്കളെല്ലാവരും ഉയർന്ന വിദ്യാഭ്യാസം നേടി. വർഷങ്ങൾ പലതും കഴിഞ്ഞു പോയി. അങ്ങനെ മക്കൾ എല്ലാവരുടേയും വിവാഹവും ആ അമ്മ നല്ല അന്തസ്സായി നടത്തി. അമ്മയ്ക്ക് പ്രായം കൂടി കൂടി വന്നു.

പരസഹായം ആവശ്യമായ കാലമായ് ആ അമ്മയ്ക്ക്. ഇത്രയും കാലം ആ അമ്മ തന്റെ മക്കളെ പൊന്നിനേക്കാൾ അമൂല്യമായി നോക്കി. ഇന് അമ്മയെ മക്കൾ നോക്കേണ്ട കാലം. അമ്മ തന്റെ ഭവനത്തിൽ ഏകയായി താമസിക്കുന്ന കാലം . മക്കളെല്ലാം തന്റെ മോടിയിൽ തന്റെ അമ്മയേയും വന്നവഴിയും മറന്നുപോയിരിക്കുന്നു. ആൺമക്കളെല്ലാം തങ്ങളുടെ ഭാര്യമാരുടെ ഇഷ്ടം മാത്രം നോക്കി ജീവിക്കുന്നു. അമ്മയ്ക്ക് ഒരു മരുന്നു വാങ്ങി കൊടുക്കാൻ പോലും മക്കൾ തയ്യാറാകുന്നില്ല. അവസാനം അമ്മ വളരെ ക്ഷീണിതയാകുന്നു. അമ്മ ആ ഭവനത്തിൽ തനിച്ച് താമസിച്ചാൽ മരിച്ചാൽ ആരും അറിയാതെ പോകുമല്ലോ എന്ന് മാത്രം ഓർത്ത് മക്കൾ ആ അമ്മയെ വ്രദ്ധസധനത്തിലേക്ക് മാറ്റുന്നു. ആ അമ്മയുടെ നെഞ്ച് പൊട്ടുന്നു. ആ അമ്മ താൻ കടന്നുവന്ന സഹനത്തിന്റെ പാതയിലേയ്ക്ക് തിരിഞ്ഞുനോക്കുന്നു. അവൾക്ക് സങ്കടം അടക്കാൻ സാധിക്കുന്നില്ല. ആ അമ്മ വിങ്ങിപൊട്ടി. അങ്ങനെ ആ അമ്മ മക്കളാൽ അവഗണിക്കപ്പെട്ട് വ്യദ്ധസഹനത്തിൽ കഴിയുന്നു. അവിടെ കഴിയുമ്പോൾ തന്റെ ഒമ്പത് മക്കളിൽ ഒരാൾപോലും തിരിഞ്ഞുനോക്കുന്നില്ല. അങ്ങനെ ആ അമ്മ നീറിനീറി ഓരോ ദിവസവും തള്ളിനീക്കുന്നു. മക്കൾ തങ്ങളുടെ പുത്തൻ വീടും മോടിയും കൊണ്ട് വന്ന വഴിയും അങ്ങനെയൊരു അമ്മയെപോലും മറന്നു പോകുന്നു.



# പുലരിയിൽ

പുലരിയിൽ വിരിയുന്ന പൂവുപോൽ സൗഹൃദം
പൂത്തുലഞ്ഞിടുന്ന ബാല്യകാലം
അക്ഷരപ്പൂക്കളെ ജീവനായി സ്നേഹിച്ച
നിറമുള്ള സ്വപ്ന്ങ്ങൾ കണ്ടകാലം

ആക്രുലചിന്തകളില്ലാതെ തുമ്പിപോൽ
പാറിപ്പറന്നു നടന്നകാലം
തിരികെ ലഭിക്കുന്ന ലാഭങ്ങളോർക്കാതെ
നിർമല സ്നേ്ഹം ചൊരിഞ്ഞ കാലം

ആനന്ദദായകമായ പകലുകൾ
ആർപ്പുവിളിയാൽ നിറഞ്ഞിരുന്നു
കത്തിജ്വലിക്കുന്ന സൂര്യകിരണങ്ങൾ
മഞ്ഞിൽ മഴയന്നേ തോന്നിയുള്ളൂ

വഞ്ചനയില്ലാ, ചതിയുമില്ലാത്തോരാ-
ക്കാലങ്ങൾ വീണ്ടുമിങ്ങെത്തിയെങ്കിൽ
വ്യാമോഹമാണെന്നറിഞ്ഞിട്ടുമിന്നു ഞാൻ
വല്ലാതെ മോഹിച്ചു പോയി.

ആൻ റോസ് റോബിൻസ്
9B

# നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്നു

ഒത്തിരി നല്ല കാര്യങ്ങൾ നമ്മുടെ ലോകത്ത് നിന്നു നഷ്ടപ്പെടുന്നു.നല്ല നല്ല കാര്യങ്ങൾ ഒക്കെ നമ്മുടെ ലോകത്ത് നിന്നും മാറി പോവുകയാണ് .ഒത്തിരി മഹാന്മാർ പറഞ്ഞ് തന്ന ഓരോ വാക്യങ്ങളിലും അനേകം മൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്.ആ വാക്യങ്ങൾ ഇപ്പോൾ ലോകത്ത് നിന്ന് നഷ്ടപ്പെടുന്നു.

ഓരോ മൂല്യങ്ങൾക്കും ഓരോരോ അർത്ഥമുണ്ട്.ആ അർത്ഥം നമ്മുടെ ജീവിതത്തിൽ വലിയ പ്രാധാന്യം അർഹിക്കുന്നു.ശ്രീനാരായണഗുരു തന്നെ എത്ര നല്ല വാക്കുകൾ നമ്മുടെ ലോകത്തിനുവേണ്ടി പറഞ്ഞ് തന്നിരിക്കുന്നു.എന്നാൽ സമൂഹം അതിന് വലിയ പ്രാധാന്യം കൊടുക്കുന്നില്ല.

ജീവിതം സുഖമായി നയിക്കുമ്പോൾ നാം ഈ നല്ല കാര്യങ്ങൾ ഒക്കെ മറന്നുപോകുന്നു.അവർ കൊണ്ടുവന്ന വലിയ കാര്യങ്ങൾ നമ്മുടെ പുതിയ തലമുറ തള്ളികളയുകയാണ് ചെയ്യുന്നത്.ഉദാഹരണത്തിന് പണ്ടത്തെ പ്രകൃതി എത്ര സുന്ദരമായിരുന്നു.അതെല്ലാം ഈ തലമുറ മാറ്റിമറിച്ചിരിക്കുന്നു.

ആഢംബര ജീവിതം നയിക്കുമ്പോഴാണ് നാം ഈ മൂല്യങ്ങൾ മറന്നുപോകുന്നത്.അയ്യങ്കാളിയുടെയും ശ്രീനാരായണഗുരുവിന്റെയും ഒക്കെ നല്ല ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകട്ടെ.

ഗാന്ധിജിയുടെ നല്ല വാക്കുകൾ ഇപ്പോഴും ചിലരുടെ മനസ്സിലുണ്ടാകും ,എന്നാൽ അതിന് പ്രാധാന്യം വളരെ കുറവാണ്.നവോത്ഥാനമൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ നമ്മുടെ ജീവിതത്തിൽ കുറച്ച് അഹങ്കാരം ഉണ്ടാകുന്നു.

സ്വത്തിനും സമ്പത്തിനും പുറകെ പോകുമ്പോൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റം ഈ മൂല്യങ്ങളെ നഷ്ടപ്പെടുന്നു എന്ന് മനസ്സിലാക്കാം.ഈ മൂല്യങ്ങൾ നഷ്ടപ്പെടുന്നത് മനുഷ്യൻ കാരണമാണ്. മനുഷ്യനിലുള്ള അഹങ്കാരവും അതുപോലെ മറ്റു പല ചിന്തകളുമാണ് ഇതിനെ നശിപ്പിക്കുന്നത്.

ഒരു നല്ല വ്യക്തി ആയിരിക്കുമ്പോൾ നമ്മൾ നല്ല നല്ല കാര്യങ്ങൾ അറിഞ്ഞിരിക്കണം.ശ്രീനാരായണഗുരു എന്നിങ്ങനെ അനേകം മഹാന്മാർ നല്ല മൂല്യങ്ങൾ കൊണ്ടുവന്നു.എന്നാൽ ആദ്യകാലലോകം അതിന് പ്രസക്തി കൊടുത്തിരുന്നു.എന്നാൽ ഈ തലമുറ അതിന് പ്രസക്തി കൊടുക്കുന്നില്ല.

നവോത്ഥാനമൂല്യങ്ങൾ എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ നന്മയുടെ ഉറവിടം ഉണ്ടാകണം.ഒരു വ്യക്തിയിൽനിന്നും മഹാന്മാർ ആയവരാണ്ഈ നല്ല മൂല്യങ്ങൾ നമ്മുടെ ലോകത്തിനായി തന്നത്.ശ്രീനാരായണഗുരുവും അതുപോലെ മറ്റു മഹാന്മാരും ക്രൂരമായ അന്ധവിശ്വാസവും അനാചാരങ്ങളും നിർത്തി നല്ല മൂല്യങ്ങൾ നമുക്ക് നല്കി .എന്നാൽ ഈ നല്ല മൂല്യങ്ങളോട് നമ്മുടെ സമൂഹം ഒരു താൽപര്യവും കാണിക്കുന്നില്ല .

അനാചാരങ്ങളും അന്ധവിശ്വസങ്ങളും ഇന്നും നമ്മുടെ ലോകത്തിൽ ചെറിയ രീതിയിൽ നടക്കുന്നുണ്ട്. ഇതിൽ പലതും കള്ളന്മാരുടെ വേഷം കെട്ടി ഇറങ്ങുന്നതായിരിക്കും. ഈ പാവം മനുഷ്യർ ഇവരുടെ അടുത്തു പോവുകയും എന്നിട്ട് ഇവർ പ്രവചനം എന്തെങ്കിലും നടത്തിയാൽ അവർക്ക് പൈസ കൊടുക്കുകയും ചെയ്യും. ഇതാണ് ഈ ലോകത്തിൽ ഇപ്പോൾ നടക്കുന്നത്. വലിയ മഹാന്മാർ ഇവയെല്ലാം നിർത്തി പുതിയ നല്ല രീതികൾ കൊണ്ടുവന്നു. .

പണ്ടത്തെ ഒരു അനാചാരമായിരുന്നു ഭർത്താവ് മരിച്ചാൽ ഭർത്താവിനെ കത്തിക്കുമ്പോൾ ഭാര്യ ആ തീയിൽ ചാടി മരിക്കണമെന്നത്. ഈ അനാചാരങ്ങൾ ഈ ലോകത്ത് നിന്ന് അകറ്റാനാണ് വലിയ മഹാന്മാർ നവോത്ഥാന മൂല്യങ്ങൾ കൊണ്ട് വന്നത്.

ഈ ലോകത്തെ നല്ല മൂല്യങ്ങൾ ഒന്നും ആർക്കും വേണ്ട. ആഢംബരത്തിൻെറയും അഹങ്കാരത്തിൻെറയും ഒക്കെ കൂട്ടാണ് അവർക്ക് വേണ്ടത്. ഈ നല്ല നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുത്തിയാൽ നമ്മുടെ ലോകത്ത് തിന്മയുടെ ശക്തി വിറയും.

നവോത്ഥാന മൂല്യങ്ങൾ നഷ്ടപ്പെടുന്നു എന്ന് കേൾക്കുമ്പോൾ നാം അത് സ്വീകരിക്കുന്നില്ല. എന്നാൽ ഇത് നഷ്ടപ്പെട്ടാൽ മനുഷ്യരുടെ അവസ്ഥ എന്തായിരിക്കും ? അഹങ്കാരവും, ആഢംബരവും നിറഞ്ഞതായിരിക്കും നമ്മുടെ രാജ്യം. ആ രാജ്യത്തിൽ നവോത്ഥാനമൂല്യങ്ങൾ വേണ്ടത് നമ്മുടെ ആവശ്യമാണ് . അതിനാൽ നാം ഒരിക്കലും നവോത്ഥാനമൂല്യങ്ങൾ തകർക്കാൻ പാടില്ല . ഇനി വരുന്ന പുതിയ തലമുറക്ക് നാം ഇത് പറഞ്ഞ്കൊടുക്കണം.

# അന്തരങ്ങൾ

അച്ഛൻ പരമ ബോറാണ്. വൈകിട്ട് പറമ്പിൽ നിന്ന് വരുമ്പോൾ എന്തൊരു നാറ്റമാണ് സഹിക്കാൻ കഴിയില്ല. നല്ല ഡ്രസ്സ് സെലക്ട് ചെയ്യാൻ അറിയില്ല. സൗന്ദര്യബോധം തീരെയില്ല. അവൾ  പറയുന്നതിലും ശരിയുണ്ടെന്ന് എനിക്കറിയാമായിരുന്നു. പണ്ട് അച്ഛൻ വാങ്ങിക്കൊണ്ടുവരുന്ന ഷർട്ടിന്റെ നിറം ഒരിക്കലും എനിക്ക് വിഷയമായിരുന്നില്ല. രണ്ട് ഷർട്ടിലെ ഒരെണ്ണം കീറാറായപ്പോഴാണ് പുതിയ ഒരെണ്ണം കിട്ടിയത്. അതിൽ സന്തോഷം മാത്രമേയുള്ളൂ.

വിരുന്നുകാർ വീട്ടിൽ വരുമ്പോൾ ബട്ടൺ പൊട്ടിയ നിക്കർ എനിക്ക് വലിയ പ്രശ്നമായിരുന്നു. ആരോടും പരാതി പറയാൻ  തോന്നിയിട്ടില്ല കാരണം മൂത്തവരുടെ പ്രശ്നങ്ങൾ ആയിരുന്നു വീട്ടിൽ എപ്പോഴും . അതിനിടയിൽ എന്റെ പ്രശ്നങ്ങൾ പറയാൻ എവിടെ നേരം ? അതിന്നും ഒരു ശീലമായ് തുടരുന്നു. വിവാഹശേഷമാണ് നാലും അഞ്ചും ഡ്രസും ഉണ്ടായിരിക്കുക എന്ന ആഡംബരത്തിലേക്ക് ഞാൻ എത്തിയത്. കാശ് കിട്ടുമ്പോൾ പുതിയ ഡ്രസ്സ് വാങ്ങുക എന്നത് എത്രയോ കാലം കഴിഞ്ഞാണ് ഒരു ശീലമായത്. തേങ്ങയും വിറകും വണ്ടിയിൽ നിന്നും ഇറക്കി വെക്കുമ്പോൾ ഇന്ന് പകൽ നടന്ന വിശേഷങ്ങൾ പറഞ്ഞു. അമ്മ പറയുന്ന ഓരോ അബദ്ധങ്ങൾ. . .  കലത്തിലെ വെള്ളം ഞാൻ ജഗ്ഗിലേക്ക് പകർന്നു. ഗ്ലാസിലാക്കി കുടിക്കുമ്പോഴും തമാശകൾ കേട്ടുകൊണ്ടായിരുന്നു. നീ ഭക്ഷണം കഴിച്ചില്ലല്ലോ, അവന് വേകന്ന് ഭക്ഷണം കൊടുക്ക്. ഇല്ല തിരക്കില്ല ഞാൻ വിലക്കി. അമ്മ പിറുപിറുത്തുകൊണ്ട് കട്ടിലിൽ ഇരുന്നു.

നിങ്ങളും നിങ്ങൾടെ ഒരു പറമ്പും, എനിക്ക് വയ്യ ഇവിടെ, ചോറും കറിയും വെച്ച് എന്റെ ജീവിതം നശിക്കുന്നു. ഭാര്യയോട് ഒരു തർക്കത്തിന് നിൽക്കാതെ കുളിമുറിയിലേക്ക് കടന്നു. ദേഹത്ത് വെള്ളം വീഴുമ്പോൾ ഓർമ്മ വന്നത് രണ്ട് രൂപകൊണ്ട് പലപ്പോഴും പയ്യന്നൂർ കോളേജിൽ പോയി വന്ന യാത്രയായിരുന്നു. 100 കിലോമീറ്റർ ദിവസവും ഉള്ള യാത്ര. എന്നെ ഞാനാക്കിയത് ആ യാത്രകളാണ്. അവസാനം ഇല്ലാത്ത ജോലികളാൽ എന്നെ പിടിച്ച് നിർത്തിയ പറമ്പാണ്. അവിടെയുണ്ടായിരുന്ന എല്ലാ പരമ്പരാഗത വിളകൾക്കും എന്റെ പഠനത്തിൽ ഒരു പങ്കുണ്ട് . എന്റെ സങ്കടങ്ങളൊക്കെയേറ്റു വാങ്ങിയത് പറമ്പായിരുന്നു. അവിടുത്തെ ജോലികളെയൊക്കെ ഒരു ആവേശത്തോടെ സ്വീകരിച്ച് ചെയ്യാൻ തയ്യാറായിരുന്നു. അടക്ക പെറുക്കൽ എന്ന ഏറ്റവും വിരസമായ ജോലിയെ പോലും ഞാൻ സ്നേഹിക്കാൻ പഠിച്ചു. ക്രമേണ അച്ഛൻ എന്ത് പറഞ്ഞാലും അനുസരിക്കും എന്ന മനോഭാവത്തിലേക്ക് ഞാൻ എത്തിയിരുന്നു. അവിടെയിണ്ടായിരുന്നു പട്ടിയും പൂച്ചയും പശുവും എണ്ണമറ്റ ജോലികളും ആണ് എന്നെ ഇങ്ങനെ ആക്കി തീർത്തത്.

ഇന്ന് പുതിയ വീട്ടിൽ ഒരു പൂച്ച പോലുമില്ല . ചന്ദ്രനേക്കാൾ ദൂരെയാണ് മനസ്സുകൾ. . . കുട്ടികൾ ടീവിയുടെ മുൻപിൽ ആണ്. . . .കാണാത്തൊരു ദൈവത്തെ കാണാൻ കണ്ണുള്ളവളേ കണമുമ്പിൽ ഞാൻ നിന്നിട്ടും കാണാൻ വയ്യല്ലോ. . .

പി. മണക്കടവ്

# കുട്ടിയുടെ മനസ്സ്



അഷ്ടമാസത്തിൽ ആദ്യഷ്ട  ദിവസത്തിൽ
ഈ  ഭ്രമിയെ കണ്ട് പുഞ്ചിരികൊണ്ട ഞാൻ
അമ്മ എന്നെ രണ്ടക്ഷരം ഉരുവിട്ട്
അച്ഛനെ നോക്കി പുഞ്ചിരി കൊണ്ടുഞാൻ
ക്രുട്ടിനായൊരു ജ്യേഷ്ഠനുണ്ടെന്നറി -
ഞ്ഞപ്പോൾ പുഞ്ചിരി കൊണ്ടുണർണന്നെൻമനം
എന്റെ അരികത്ത് ജ്യേഷ്ഠന്റെ സാന്നിധ്യ-
മറിഞ്ഞപ്പോൾ പുഞ്ചിരി കൊണ്ടു ഞാൻ
എന്റെ പുഞ്ചിരി ജ്യേഷ്ഠന്റെ  സന്തോഷ-
ത്തിന്റെ കാരണവുമായിത്തീർന്നു.
അമ്മയെനിക്കായി താരാട്ടു പാടുമ്പോൾ
എന്റെ പോളകൾ അറിയാതടഞ്ഞുപോയ്
എന്റെ അച്ഛന്റെ സ്നേഹസമ്മാനങ്ങൾ
എന്റെ മനസ്സിന്റെ സന്തോഷം വർദ്ധിപ്പിച്ച്
എന്റെ മുത്തശ്ശൻ ,മുത്തശ്ശിയെനിക്കായ്
പൂർവ്വ കാര്യങ്ങൾ പകർന്നു പറഞ്ഞുതന്ന്
ഈ ഭ്രമിയിൽ എനിക്ക് സർവ്വവും
ഇന്നിപ്പോൾ ഇച്ഛമുള്ളതായ് മാറിക്കഴിഞ്ഞുവെന്ന്.

ആർദ്രി കൃഷ്ണ
7B



# നാടിന് വേണം ശലഭോദ്യാനങ്ങൾ

ഭൂമിയിൽ ചിത്രശലഭങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് പുരാണത്തിൽ രസകരമായൊരു കഥയുണ്ട്. സുവർണ്ണപുരിയിലെ സുപാലക രാജാവിന് സുധർമ്മ എന്ന അതിസുന്ദരിയായ ഒരു മകളുണ്ടായിരുന്നു. നിഷ്കളങ്കതയും സ്നേഹമയമായ പെരുമാറ്റവും സ്വഭാവ ഗുണവും കൊണ്ട് രാജകുമാരിയുടെ പെരുമ ദേവലോകത്തു വരെയെത്തി.അങ്ങനെയിരിക്കെ ഒരു നാൾ രാജകുമാരിക്ക് വിഷാദരോഗം പിടിപെട്ടു.അവരുടെ വിഷാദം മാറ്റാൻ രാജാവും കൊട്ടാര നിവാസികളും വൈദ്യന്മാരും ആവതും ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. രാജാവും രാജ്ഞിയും ദു:ഖത്തിൽ മുങ്ങി. ഈ വാർത്ത ദേവലോകത്തുമെത്തി. രാജകുമാരിയുടെ ദുർഗതിയിൽ അലിവു തോന്നിയ ദേവന്മാർ ദേവഗുരുവിനോട് പരിഹാരമരാഞ്ഞു.ദേവ ഗുരുവിന്റെ നിർദ്ദേശപ്രകാരം ഉടനെ തന്നെ ദേവകന്യകമാർ നാനാ വർണ്ണങ്ങളിലുള്ള ചിത്രശലഭങ്ങളായി മാറി ഭൂമിയിലെത്തി. അന്ത:പുരത്തിന്റെ കിളിവാതിലിലൂടെ യാദൃശ്ചികമായി പുറത്തേക്ക് നോക്കിയ രാജകുമാരി കണ്ടത് ഉദ്യാനമാകെ പറന്നു നടക്കുന്ന പുഷ്പങ്ങളെ പോലെ തോന്നിക്കുന്ന മനോഹരവർണ്ണങ്ങളായ ചിത്രശലഭങ്ങളെയാണ്. ഇതുകണ്ട് രാജകുമാരിയുടെ കണ്ണഞ്ചിപ്പോയി .അവരുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു .സന്തോഷാധിക്യത്താൽ രാജകുമാരി പുറത്തേക്കോടി .ഉദ്യാനത്തിലെത്തിയ രാജകുമാരി ആഹ്ലാദവതിയായി പൂമ്പാറ്റകളോടൊപ്പം നൃത്തം ചെയ്യാൻ തുടങ്ങി. അങ്ങനെ ഭൂമിയിൽ

വിവിധയിനം ചിത്രശലഭങ്ങളെ അവയ്ക്ക് അനുയോജ്യമായ ആവാസവ്യവസ്ഥയിൽ സംരക്ഷിക്കുക എന്നതാണ് ശലഭോദ്യാനം കൊണ്ട് ഉദ്ദേശിക്കുന്നത് .ചിത്രശലഭങ്ങൾക്ക് തേൻ നുകരുന്നതിനും പ്രജനനം നടത്തുന്നതിനും ,അനുയോജ്യമായ ചെടികൾ ഇവിടെ ഉണ്ടാകണം .സ്ഥലപരിമിതി ഉള്ളവർക്കും ചെയ്യാവുന്ന ഒന്നാണ് ശലഭോദ്യാനം .ധാരാളം ചെടികൾ ചിത്രശലഭങ്ങൾക്കായി നടുന്നതിലൂടെ നാം നാമറിയാതെ പ്രകൃതിസംരക്ഷകരായി മാറുകയാണ് . ചിത്രശലഭങ്ങളുണ്ടായി .

## ശലഭോദ്യാനം

വിവിധയിനം ചിത്രശലഭങ്ങളെ അവയ്ക്ക് അനുയോജ്യമായ ആവാസവ്യവസ്ഥയിൽ സംരക്ഷിക്കുക എന്നതാണ് ശലഭോദ്യാനം കൊണ്ട് ഉദ്ദേശിക്കുന്നത് .ചിത്രശലഭങ്ങൾക്ക് തേൻ നുകരുന്നതിനും പ്രജനനം നടത്തുന്നതിനും ,അനുയോജ്യമായ ചെടികൾ ഇവിടെ ഉണ്ടാകണം .സ്ഥലപരിമിതി ഉള്ളവർക്കും ചെയ്യാവുന്ന ഒന്നാണ് ശലഭോദ്യാനം .ധാരാളം ചെടികൾ ചിത്രശലഭങ്ങൾക്കായി നടുന്നതിലൂടെ നാം നാമറിയാതെ പ്രകൃതിസംരക്ഷകരായി മാറുകയാണ് .

ആദ്യമായി ശലഭോദ്യാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തും അതിന്റെപരിസരപ്രദേശത്തും കണ്ടു വരുന്ന ചിത്രശലഭങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക .ഇതിനായി ആ പ്രദേശത്തെ ശലഭനിരീക്ഷകന്റെ സേവനം പ്രയോജനപ്പെടുത്താനാവുന്നതാണ്. ശലഭ ലിസ്റ്റ് തയ്യാറാക്കിയാൽ അവയ്ക്ക് തേൻ നുകരുന്നതിനും മുട്ടയിടുന്നതിനുള്ള ചെടികൾ കണ്ടെത്തി അവ അനുയോജ്യമായ സ്ഥലത്ത് നട്ടുപിടിപ്പിക്കണം . തണലുള്ള സ്ഥലങ്ങളിൽ നടേണ്ട ചെടികളും നല്ല വെയിൽ ഉള്ള സ്ഥലങ്ങളിൽ നടേണ്ട ചെടികളും ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞു വേണം ചെടികൾ നടാൻ .

# വിദ്യാലയത്തിലൊരു ശലഭോദ്യാനം

ചിത്രശലഭങ്ങളെ അറിയുക ,സംരക്ഷിക്കുക അതിലൂടെ പ്രകൃതിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുക എന്നതാണ് വിദ്യാലയ - ശലഭോദ്യാനം എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് .ശലഭോദ്യാനം നിർമ്മിക്കുന്നതിലൂടെ പ്രകൃതിയെ അടുത്തറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താല്പര്യം കുട്ടികളിൽ ഉണ്ടാകുന്നു .

ശലഭോദ്യാനപ്രവർത്തനങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ശേഷം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള അധ്യാപകൻ / അധ്യാപികയുടെ നേതൃത്വത്തിൽ ഒരു 'ശലഭ ക്ലബ്ബ് ' രൂപീകരിക്കുക. ഈ ക്ലബ്ബിൽ 40 അംഗങ്ങളെ തിരഞ്ഞെടുക്കുക .ക്ലബ്ബിന്റെപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അംഗങ്ങളിൽ നിന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കാം. ശലഭ ക്ലബ്ബിലെ അംഗങ്ങളെ അഞ്ചോ ,ആറോ ഗ്രൂപ്പായി തിരിച്ച് ശലഭങ്ങളുടെ പേര് കൊടുക്കാം .ഓരോ ഗ്രൂപ്പിനും നേതൃത്വം കൊടുക്കുന്നതിന് ലീഡറിനെയും തിരഞ്ഞെടുക്കാം. ശലഭോദ്യാന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്‌കൂളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ഗ്രൂപ്പ് ലീഡർമാരുടെ നേതൃത്വത്തിൽ ചിത്രശലഭലാർവയുടെ ആഹാര സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കണം .ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം ശലഭക്ലബ്ബിലെ അംഗങ്ങൾ ഒരുമിച്ച് കൂടുകയും ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കുകയും വേണം. ശലഭനിരീക്ഷണം, ശലഭങ്ങളെക്കുറിച്ചുള്ള ബോധവല്ക്കരണ ക്ലാസ് ശലഭ ക്വിസ് തുടങ്ങി പ്രവർത്തനങ്ങൾ ശലഭ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്നത് ഉചിതമായിരിക്കും .ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുകയും എല്ലാ കുട്ടികൾക്കും ശലഭക്ലബ്ബിന്റെ പ്രവർത്തനങ്ങൾ എഴുതുന്നതിനായി ഓരോ കുട്ടിക്കും ഒരു ശലഭനോട്ട് ബുക്ക് ഉണ്ടായിരിക്കണം.ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്‌കൂളിലേക്ക് ഒരു ശലഭ ആൽബം നിർമ്മിക്കാവുന്നതാണ് .ക്ലബ്ബ് പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്ന ഗ്രൂപ്പ് കൾക്ക് മാസാവസാനം അസംബ്ലിയിൽ വച്ച് സമ്മാനവിതരണം ചെയ്യണം .ഏറ്റവും നല്ല ശലഭ നിരീക്ഷകൻ / നിരീക്ഷകയ്ക്കും മികച്ച ശലഭആൽബം നിർമ്മിക്കുന്ന കുട്ടിയ്ക്കും സമ്മാനവിതരണം ചെയ്യാവുന്നതാണ് .

ഇന്ന് കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചിത്രശലഭങ്ങളുടെ എണ്ണം 327 ൽ എത്തി നില്ക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ചിത്രശലഭങ്ങളെ കാണുന്നത് ആറളം വന്യജീവി സങ്കേതത്തിലാണ്. ശലഭോദ്യാനത്തിന്റെ പ്രസക്തി കേരളത്തിലെമ്പാടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് .കേരളത്തിലെ മിക്ക സ്‌കൂളുകളിലും ജൈവ വൈവിധ്യ പാർക്കുകളോടൊപ്പം ശലഭോദ്യാനത്തിനും സ്ഥാനം നല്കിയിരിക്കുന്നു. സസ്യജാലങ്ങളുടെ വൈവിധ്യം നിലനിർത്തുന്നതിൽ ശലഭങ്ങളുടെ പങ്ക് വലുതാണ്.ശലഭങ്ങളെ സംരക്ഷിക്കേണ്ടത് നാമോരോരുത്തരും ...........

സജന സേവ്യർ
ജി എച്ച് എസ് എസ് ശ്രീപുരം



# മരം

സൃഷ്ടിപരമായ സഞ്ചാര സ്വാതന്ത്ര്യമില്ലാത്ത ഒരു മരമാണ് ഞാൻ.വേണ്ടത്ര വെള്ളമൊ, വളമൊ ഇല്ലാതെ ഞാനാകെ വരണ്ടുപോയിരിക്കുന്നു ...... ഒരിറ്റു ജീവി ജലത്തിനായ് എൻ്റെ വേരുകൾ അലയാത്ത വഴികളില്ല.
ആകെ പൂത്തുലഞ്ഞ് ജീവിതത്തിൽ ഒരു വസന്തമെങ്കിലും ഞാനും ആഗ്രഹിക്കുന്നു!

വിപ്ലവത്തിൻ്റെ പുതിയ മരമാകാൻ എനിക്കാഗ്രഹമില്ലാത്തത്, എൻ്റെ ശിഖരങ്ങൾക്കധിവാസം തന്ന വിണ്ണിനെ അലോസരപെടുത്തേണ്ടന്ന് കരുതി, വേരൊന്നിളകിയാൽ എൻ്റെ അടിമണ്ണ് തന്നേയും ഒലിച്ച് പോവുമെന്ന് കരുതി മാത്രമാണ് ക്രൂടാതെ എൻ്റെ ചില്ലകളിൽ കുഞ്ഞാറ്റ കിളികൾ ക്രൂടും കെട്ടിയിരിക്കുന്നു! തൊട്ടടുത്തുള്ള പാറയ്ക്കുള്ളിൽ വെള്ളമുണ്ടായിരുന്നെങ്കിലും അങ്ങോട്ടു വേരുകളാഴ്ത്താൻ എനിക്കായില്ല പാറയുടെ ഘടന അതാണല്ലൊ. അങ്ങനെയിരിക്കെ അങ്ങകലെ ഒരു തെളിനീർ തടാകം എൻ്റെ ശ്രദ്ധയിൽ പെട്ടു വിജ്ഞാനത്തിൻ്റെ തീഷ്ണത മിഴികൾ പോലെ അഗാധതയുള്ള തടാകം. ആ തെളിനീർ എന്നെ വല്ലാതെ മോഹിപ്പിച്ചു കളഞ്ഞു.



സ്വപ്നം കണ്ടുറങ്ങിയ ഒരു രാത്രിയിൽ തടാകം എനിക്കായ് അവസ്ഥാന്തരം പ്രാപിച്ചു തടാകത്തിലെ മുഴുവൻ വെള്ളവും മുകിലായ് മഴയായ് കൃഷ്ണ ഭഗവാൻ്റെ നിറമായിരുന്നു എൻ്റെ മാരിമുകിലിന് അതേ രൂപം അതേ ഭാവം പെയ്യുമ്പോൾ അതേ കുസൃതികൾ കാണിക്കുകയും... എന്തൊരു മാന്ത്രിക മഴയായിരുന്നു അത്.
ഏകതമായ് തടാകമായി നിന്നവൻ എനിക്കായ് നാനാവിധമാവുകയായിരുന്നു! എന്തിനെന്നോ.... ഏകാന്ത രാത്രികളിൽ കനത്ത ഇരുളിലേക്ക് പെയ്ത്ത് കൊണ്ടിരിക്കുമവൻ .. അങ്ങ് കിഴക്ക് വെള്ളകീറുന്നവരെ വെളിച്ചം വീശി എൻ്റെ ഇരുൾ വഴിയാകെ പ്രഭാപൂരിതമാകുന്നതു വരെ .... പിന്നെ കുഞ്ഞുകുഞ്ഞു തുള്ളികൾ വാത്സല്യമായ് ..... വന്യമായ പ്രണയത്തിൻ്റെ പേമാരിയായ് .... അറിവിൻ്റെ ആലിപ്പഴങ്ങളായ് അങ്ങനെ എത്രയെത്ര തുള്ളികളായാണ് അവൻ്റെ സ്നേഹം എൻ്റെ മണ്ണിൽ വീഴുന്നത്!

ആ മാന്ത്രിക മഴയിൽ ലയിച്ചു നിന്നപ്പോഴാണ് കാറ്റ് വന്നെന്നെ ഉയർത്തിയത് അപ്പോൾ ..... മോഹഭംഗത്തിൻ്റെ കണ്ണീർ കണങ്ങൾ പോലെ കരിയിലകൾ കൊഴിഞ്ഞു വീണു. എനിക്ക് ജീർണത ബാധിച്ചു തുടങ്ങിയിരിക്കുന്നു.

ഷജിത പി
HSST,ജി.എച്ച്.എസ്.എസ് ശ്രീപുരം

# മണക്കടവ് ചരിത്രത്തിലൂടെ ഒരു എത്തിനോട്ടം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ നിന്നും 35 കി.മീ മാറി കർണാടക വനത്തിനോട് ചേർന്നുള്ള അതിമനോഹരമായ ഗ്രാമമാണ് മണക്കടവ് .ആദ്യകാലത്ത് മരക്കച്ചവടത്തിനും മറ്റുമായി ധാരാളം കുടകർ ഇവിടെ താമസിച്ചിരുന്നു .കുടകരുടെ താമസസ്ഥലം മന എന്നാണ് അറിയപ്പെട്ടിരുന്നത്.അങ്ങനെ കടവിനോട് ചേർന്ന് ധാരാളം മനകൾ ഉള്ള സ്ഥലത്തിന് മനക്കടവ് എന്നും പിന്നീട് മണക്കടവ് എന്നും ആയിത്തീർന്നു. ഈ പ്രദേശത്തിന്റ മലബാർ കുടിയേറ്റം ആരംഭിക്കുന്നത് 1950 കളിലാണ്. ആലക്കോട് രാജ എന്നറിയപ്പെട്ടിരുന്ന ശ്രീ .പി.ആർ രാമവർമ്മരാജ ഈ ദേശത്തിന്റ വികസനപാതയിൽ ഒരുപാട് വിലയേറിയ സംഭാവനങ്ങൾ നൽകിയിട്ടുണ്ട് .



1950 കളിൽ പാല, പൊൻകുന്നം, മണിമല, കോട്ടയം തുടങ്ങി വിവിധ തിരുവിതാംക്കൂർ ദേശങ്ങളിൽ നിന്നും നിരവധി കുടുംബങ്ങൾ ഇവിടെ കുടിയേറി താമസമാക്കി.1950 കൾക്ക് മുമ്പേ ഈ ദേശത്തിന്റ അധിപനായിരുന്ന ആലക്കോട് രാജയോടാണ് ഇവരെല്ലാം സ്ഥലം വാങ്ങിയത് പിന്നീട് യഥാകാലം മണക്കടവ് ശ്രീ മഹാവിഷ്ണു ക്ഷേത്രവും മാർത്തോമാശ്ലീഹായുടെ നാമത്തിലുള്ള ദേവാലയവും ആരോഗ്യരംഗത്ത് മണക്കടവ് പ്രൈമറി ഹെൽത്ത് സെന്ററും പോസ്റ്റ് ഓഫീസും ഒക്കെ സ്ഥാപിതമായി .



വിദ്യഭ്യാസ രംഗത്ത് മേവട സർ എന്നറിയപ്പെട്ടിരുന്ന കെ.സി നാരായണപ്പിള്ളയുടെ നേത്രത്വത്തിൽ മുക്കടയിൽ ഒരു ഏകാധ്യാപക വിദ്യാലയം ആരംഭിക്കുകയും പിന്നീട് മണക്കടവിലെ ഇന്നത്തെ ശ്രീപുരം സ്കൾ ആയി വളരുകയും ചെയ്തു. മേൽപ്പടി സ്ഥാപനങ്ങൾക്ക് എല്ലാം സ്ഥലം സംഭാവന ചെയ്തത് ആലക്കോട് രാജാ ആയിരുന്നു.



ഇന്ന് ക്ഷേത്രം സ്ഥിതി ചെയ്തിരുന്ന സ്ഥലം കരിമ്പ് കൃഷി നടന്നിരുന്ന സ്ഥലം ആയിരുന്നു. കരിമ്പ് ആട്ടുന്ന ചക്കും അതിന്റെ പ്രവർത്തനങ്ങളും അവിടെ നടന്നുപോന്നിരുന്നു. ഈ സ്ഥലം ഉത്തരമലബാറിന്റെ വികസന ശില്പി എന്നറിയപ്പെട്ടിരുന്ന ആലക്കോട് രാജായുടെയായിരുന്നു. രാജയെ ഇവിടുത്തെ നാട്ടുകാർ ചെന്നുകണ്ട് ക്ഷേത്രത്തിന്റെ ആവിശ്യകത അവരെ ബോധ്യപ്പെടുത്തി അദ്ദേഹം പ്രദേശവാസികളുമായി ആലോചിച്ച് തുടർ നടപ്പടികളിലേക്ക് കടക്കുകയും ക്ഷേത്രനിർമാണത്തിന് ആവിശ്യമായ സ്ഥലം കണ്ടെത്തുന്നതിനായി പ്രശ്നചിന്തനങ്ങൾ നടത്തിയതിന്റെ ഫലമായി ഇന്നി ക്ഷേത്രം സ്ഥിതിചെയ്യുന്ന ഈ സ്ഥലം ഉത്തമം എന്നു കണ്ടെത്തുകയും

തുടർന്ന് സൗജന്യമായി ഭൂമി അനുവദിക്കുകയുമായിരുന്നു ചെയ്തിരുന്നത്. 1960 കളിൽ ഇവിടെ  ഭജനമഠം നിർമിച്ച് മണ്ഡലകാല ഭജന ആരംഭിക്കുകയും ഇന്നും തുടർന്നു വരികയും ചെയ്യുന്നു. മണക്കടവ് ശ്രീ മഹാവിഷ്ണു ക്ഷേത്രം ഉയർച്ചയുടെ പടവുകൾ താണ്ടിയിരിക്കുന്നു.



കുടിയേറ്റ ജനങ്ങളുടെ ആവശ്യം അനുസരിച്ച് ദേവാലയം പണിയുവാനായി രണ്ട് ഏക്കർ സ്ഥലം സൗജന്യമായി നൽകുകയും പിന്നീട് നാല് ഏക്കർ സ്ഥലംകൂടി വാങ്ങുകയും ഇന്നു കാണുന്ന "ST.തോമസ്" ദേവാലയമായി പടവുകൾ താണ്ടുകയായിരുന്നു. മണക്കടവിന്റെ മുഖച്ഛായ അപ്പാടെ മാറ്റികളഞ്ഞസംഭവമായിരുന്നു. മണക്കടവ് പാലം ഇപ്പോഴത്തെ ഗ്രാമീണ ബാങ്കിന്റെ അവിടെ നിന്നും താഴോട്ടിറങ്ങി അടിപ്പാലം കടന്ന് കുരിശുപ്പള്ളിയുടെ അവിടെ ചെന്നു കയറുകയായിരുന്നു പണ്ടത്തെ പതിവ്. പിന്നീടാണ് അതു മാറി മണക്കടവ് പാലം എത്തിയത്. ഇന്നും വികസനപാതയിൽ മുന്നേറിനിൽക്കുന്ന മണക്കടവിന്റെ ഒരു ചെറിയ രത്നചുരുക്കമാണിത്.

അഡോൺ  ജോൺസൺ

9B



# തീരാനോവുകൾ

ഒരു വലിയ ഹാളിൽ ഒരു പരിപാടി നടക്കുന്നു. വലിയ വലിയ വ്യക്തികളും ജനങ്ങളും അവിടെ വന്നിരിക്കുന്നു . അങ്ങനെ വേദിയിലേക്ക് അമ്മയെ ക്ഷണിക്കുന്നു. ആ അമ്മ മൈക്ക് തന്നിലേക്ക് ചേർത്തുവെച്ചു. നിങ്ങൾക്കിടയിൽ ഞാൻ എന്റെ മകനെ കാണുന്നു. ആ അമ്മ ചെറിയൊരു കഥ പറയുവാൻ തുടങ്ങി.

പെട്ടെന്ന് ഒരു ദിവസം ആൾക്കാരുടെ അലറിച്ചകളും മറ്റും നടക്കുന്നു. നഗരമാകെ കുലുങ്ങുന്നു എന്നാൽ കാര്യമെന്തെന്ന് മനസ്സിലാകുന്നില്ല. അങ്ങനെ ആളുകൾ എല്ലാവരും ഒരാളുടെ അടുത്തേക്ക് ഓടിവരുന്നു. ആരാണാ വ്യക്തി? എന്താണവിടെ സംഭവിക്കുന്നത് ?

1947 ജനവരി 25ന് ഒരു കുട്ടി പിറക്കുന്നു. അവർ തനിക്കിട്ട പേര് അജീഷ്. താൻ വന്നു വീണത് കൊടും ദാരുദ്രത്തിലേക്കായിരുന്നു. ഇപ്പോൾ തന്നെ രണ്ട് മക്കളുണ്ട് . മൂന്നാമതായി അവനും കൂടി പിറന്നതോടെ കൊടും ദാരിദ്രത്തിലേക്കടുത്തു. എന്നാലും കുടുംബത്തെ താഴവീഴാതെ ആ അമ്മ പിടിച്ചുനിർത്തി. അമ്മ ആശുപത്രുയിലും വീട്ടുവേലകൾ ചെയ്തും സമയത്തെ മുന്നോട്ട് കൊണ്ട്പോയി . തന്റെ അച്ഛനാകട്ടെ ലഹരിവസ്തുക്കൾക്കടിമയും . അതുകൊണ്ട് തന്നെ അച്ഛന്റെ സ്നേഹം തനിക്ക് ലഭ്യമായിരുന്നില്ല . അങ്ങനെ ദാരിദ്രത്തിലൂടെ താൻ വളർന്നു. താൻ സ്കൂളിൽ പോയിരുന്നു.

അദ്ധ്യാപകർക്ക് കളിയാക്കാനും പരിഹസിക്കാനും എന്നും താൻ ഒരു കാരണമായിരുന്നു.ഈ കുട്ടി പഠിക്കുന്നില്ല എന്നതായിരുന്നു അദ്ധ്യാപകർക്ക് തന്നെ കളിയാക്കുവാൻ ഇടയാക്കിയ സാഹചര്യം . തന്റെ അശ്രദ്ധ ആയിരുന്നു എല്ലാത്തിനും കാരണം. ഇതിനെ ചൊല്ലി വീട്ടിൽ കലഹങ്ങൾ പതിവായി. എന്നാൽ ഇതൊന്നും ശ്രദ്ധിക്കാതെ താൻ മുന്നോട്ട്പോയ്ക്കൊണ്ടിരുന്നു. പിന്നീട് താൻ അതിൽ ഒരുപാട് വിഷമിച്ചു എന്നാൽ ആ വിഷമത്തിൽ തന്നെ ഫുഡ്ബോൾ എന്ന വസ്തു ഉണർത്തി.

പിന്നീടുള്ള നാളുകൾ താൻ ഫുഡ്ബോളിനുവേണ്ടി ചിലവഴിച്ചു. അതിനുവേണ്ടി താൻ
ഫുഡ്ബോളുനെ വളരെയധികം സ്നേഹിച്ചു. തന്റെ സ്കില്ലുകൾ കൊണ്ട് കാണികളഎ താൻ അമ്പരപ്പിച്ചു. സ്കൂൾ ഗ്രൗണ്ടിൽ താൻ തിളങ്ങിനിന്നു. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞ് പോയി. കാത്തിരുന്ന് ടൂർണ്ണമെന്റ് വന്നെത്തി. എന്നാൽ അബദ്ദവശാൽ വീട്ടിലെ പ്രാക്ടീസിനിടയിൽ തന്റെ കാലിന് മുറിവേൽക്കുന്നു. അതുകൊണ്ട്തന്നെ ഫിഡ്ബോളിൽ തന്റെ ജീവിതം കെട്ടിപ്പെടുക്കുവാൻ സാധിച്ചില്ല. അങ്ങനെ താൻ ഫുഡ്ബോളിനെ പതിയെ മറക്കുവാൻ ശ്രമിച്ചു. ആരുമില്ലാത്ത സമയം താനിരുന്ന് കരഞ്ഞു. അങ്ങനെ ദിവസങ്ങൾക്ക് ശേഷം തന്റെ വിഷമങ്ങൾ മറന്ന് താൻ സ്കൂലിലേക്ക് പോയി. ടൂർണമെന്റ് കളിക്കാൻ കഴിയാത്ത അജീഷിനെ എല്ലാവരും കളിയാക്കുവാൻ തുടങ്ങി. താനൊരു പെൺകുട്ടിയെ സ്നേഹിച്ചിരുന്നു അത് തനിക്ക് ആശ്വാസമേകി. തന്റെ ഇഷ്ടം മറച്ചുപിടിച്ചു. ഒരിക്കലും അത് തുറന്ന് പറയുവാൻ താൻ തയ്യാറായിരുന്നില്ല.

ദിവസങ്ങൾ കഴിയുന്തോറും തനിക്ക് അവളോടുള്ള ഇഷ്ടം കൂടി വന്നു. അങ്ങനെ ഒരു ദിവസം താൻ തന്റെ ഇഷ്ടം തുറന്ന് പറയുവാൻ തന്നെ തീരുമാനിച്ചു. അങ്ങനെ ഒരു ഉറച്ച മനസ്സോടെ ഞാൻ കാര്യങ്ങൾ തുറന്ന് പറഞ്ഞു. എന്നാലവിടെയും തനിക്ക് സന്തോഷത്തോടടുക്കുവാനുള്ള മാർഗങ്ങൾ നിലച്ചു നിന്നു . അവിടെയും തന്നെ പരിഹസിച്ചു. കണ്ണുനീർ തുടച്ചുകൊണ്ട് താൻ പിന്നോട്ട് നടന്നു. അദ്ധ്യാപകരുടെ പരിഹാസം കൂടി വന്നു. വീട്ടിലെ തന്റെ ദാരിദ്രം കൂടി കൂടി വന്നു കുടുംബത്തെ പിടിച്ച്നിർത്താനായി അമ്മ ഓടിക്കൊണ്ടിരുന്നു. സമയത്തിന്റെ ചലനത്തോടൊപ്പം തന്റെ അച്ഛൻ ആൽക്കഹോളിൽ മുഴുകുയിരുന്നു.

അങ്ങനെ തനിക്ക് എല്ലായിടത്തുമുണ്ടായത് തോൽവി മാത്രം . അങ്ങനെ പരിഹാസങ്ങൾ കൂടിയപ്പോൾ താൻ ആത്മഹത്യക്ക് ശ്രമിച്ചു. എന്നാൽ തന്റെ ചേട്ടൻ അത് തടഞ്ഞു. അങ്ങനെ ഒരു ദിവസം തന്റെ സ്കൂളിൽ കബടി വന്നെത്തി താനും അതിന് പേര് നൽകി. പ്രോ പ്ലെയർ എന്ന പഥവിക്കായി താൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അങ്ങനെ ക്യാമ്പുകളിൽ പങ്കെടുത്ത് മിന്നും പ്രകടനങ്ങൾ കാഴ്ചവെച്ചു. .

അങ്ങനെ കളിയാക്കലുകൾ കുറഞ്ഞ് തുടങ്ങി. തുടർന്ന് താൻ തന്റെ സ്കൂളിലെ ഏറ്റവും മികച്ച കളിക്കാരനായി മാറി. ഇപ്രാവശ്യം തന്നെ അലസതപ്പെടുത്തുവാൻ ഒന്നിനും കഴിഞ്ഞിരുന്നില്ല .

സ്കൂളിന്റെ അഭിമാനം താൻ കാരണം വർധിക്കുവാൻ തുടങ്ങി. അങ്ങനെയൊരു ദിവസം തന്റെ ക്ലാസിലെ വിനോദയാത്ര എത്തിപ്പെട്ടു. പണമില്ലാതിരുന്നതിനാൽ തനിക്കതാസ്വദിക്കാൻ കഴിഞ്ഞിരുന്നില്ല.

അങ്ങനെ ബാക്കിയുള്ള കുട്ടികൾ പോകുന്നത് താൻ ഒളിഞ്ഞ്നിന്ന് നോക്കി കണ്ടു. കണ്ണ് നിറഞ്ഞ്കൊണ്ട് താൻ വീട്ടിലേക്കോടി. അങ്ങനെ ഒരു ദിവസം കബടി പ്രാക്ടീസിനിടയിൽ ഒരു ടീച്ചർ തന്നെ വിളിച്ചുകൊണ്ട് പോയി. തന്റെ  അച്ചൻ മരിച്ചു. അവൻ ഞെട്ടി. താൻ കരഞ്ഞുകൊണ്ട് വീട്ടിലേക്കോടി. അങ്ങനെ ഒരാഴ്ചക്ക് ശേഷം താൻ കളത്തിലിറങ്ങി. കബടി ടൂർണമെന്റ് എത്തിക്കഴിഞ്ഞിരിക്കുന്നു. തനിക്കിതിൽ നല്ലതു പോലെ വിശ്വാസമുണ്ടായിരുന്നു. അങ്ങനെ മൈതാനത്ത്   താൻ തിളങ്ങി. ആരാധകവ്രന്ദങ്ങളെ താൻ കെട്ടിയെടുത്തു . തന്റെ പ്രകടനങ്ങൾ കണ്ട് എതിരാളികൾ പോലും അമ്പരന്നു. അന്നെനിക്ക് 5 പേരാണ്  കൈയ്യടിച്ചതെങ്കിൽ  ഇന്നെനിക്ക് 500 പേരാണ് കൈയ്യടിച്ചത് മാച്ച് ജയിക്കുന്നു .

ആരാധകവ്രദ്ദങ്ങൾക്കിടയിൽ അജീഷ്  അന്ന് തിളങ്ങി. പിന്നെ വന്നെത്തിയ നാളുകൾ മുഴുവനും തനിക്കും തന്റെ ടീമിനും ആഹ്ലാദത്തിൻ നിറമഴ പെയ്യിച്ചു. തന്റെ സ്കിൽ കബടിയിൽ എതിരാളികൾക്കെന്നും പേടിസ്വപ്നമായിരുന്നു. അങ്ങനെ വർഷങ്ങൾക്കുശേഷം ഇന്ത്യയിൽ മുംബൈയിൽ പ്ലയേർസിന്റെ ഒരു ബസ് വന്ന് നിൽക്കുന്നു. എല്ലാവരും ഇറങ്ങി ക്യാപ്റ്റൻ മാത്രം ഇറങ്ങിയില്ല . ബസിന് ചുറ്റും ആരാധകകൂട്ടങ്ങൾ. അങ്ങനെ കാത്തിരിപ്പിനൊടുവിൽ ക്യാപ്റ്റൻ ഇറങ്ങി. ആൾക്കൂട്ടത്തിൽനിന്ന് ഒരാൾ വിളിച്ച് പറഞ്ഞു അജീഷ്. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ match ആയിരുന്നുവത്. തന്റെ അമ്മ കപ്പ്കാണുവാൻ വന്നിരുന്നു. india v/s south korea മാച്ച് നിമിഷങ്ങൾക്കുശേഷം ആരംഭിച്ചു. കൊറിയയുടെ  രണ്ട് പ്ലയേർസിനെ അവിടെ വീഴ്ത്തിക്കഴിഞ്ഞിരുന്നു. പിന്നെ 2 ടീമുകളും അപകടങ്ങൾ  സ്രഷ്ടിച്ചുകൊണ്ടിരുന്നു.
ക്യാപ്റ്റനെ തടയുവാനുള്ള ശക്തി കൊറിയക്കുണ്ടായിരുന്നില്ല. കൊറിയ ഒട്ടേറെ മുന്നേറ്റങ്ങൾ കാഴ്ചവെച്ചു. അതേ സമയം ഇന്ത്യയെ  വിജയത്തിലേക്ക് ക്യാപ്റ്റൻ നയിച്ചുകൊണ്ടേയിരുന്നു.

ഇന്ത്യ- 35 ,കൊറിയ- 31 എന്ന നിലയിൽ മത്സരം അവസാനിച്ചു.  വിജയ കിരീടം ക്യാപ്റ്റൻ തങ്ങൾക്കായി സമ്മാനിച്ചു . ഇന്ത്യയുടെ flag വുംബൈയുടെ കാറ്റിൽ ആടിക്കളിച്ചു. വുംബൈയുടെ മടിത്തട്ടിൽ ക്യാപ്റ്റൻ വീണുകിടന്നു.

ആ അമ്മ കഥപറഞ്ഞ് നിർത്തി . ക്യാപ്റ്റൻ  എന്റെ മകനായിരുന്നു അജീഷ്. ഈ ജനക്കൂട്ടത്തിൽ ആരാദകരുടെ ശബ്ദത്തിൽ ഇന്നും അയാൾ ജീവിക്കുന്നു കബടിയുടെ സുൽത്താനായി . ചെസ്റ്റ്പെയിൻ കാരണം വീണുകിടന്ന തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല . ഇന്ന് ഞാൻ സമ്പന്നയാണ്  അതിന് ഒരു കാരണം
മാത്രം. ഇത്രയും പറഞ്ഞുകൊണ്ട് ആ അമ്മ സ്റ്റേജിന് വെളിയിലേക്കിറങ്ങി കാറിനടുത്തേക്ക് നടന്നു.. മുംബൈ കൈവിടാതെ ഇന്ത്യ കൈവിടാതെ താൻ ഇന്നും ആരാദകർക്കിടയിൽ
ജീവിക്കുന്നു.. 1999 february 1  ആരാധകർ കാത്തുനിൽക്കുന്നു ആ വരവിനായി ഗ്രൗണ്ടിൽ തന്റെ തന്റെ കാലെടുത്ത് വക്കുന്നു.

# തീത്തുമ്പ് നക്ഷത്രങ്ങളോട്
## പറഞ്ഞത്..............



പേനയുടെ പേറ്റുനോവിൽ ചാപിള്ളയായ അക്ഷരക്കൂട്ടങ്ങൾ    പെറ്റുപെരുകിയപ്പോൾ
ബാല്യത്തിൽ പച്ചീർക്കിൾ കൊണ്ട്
ഇലയിൽകുത്തി വരച്ച ചിത്രങ്ങൾ
മിന്നായം പോലെ മനസ്സിൽ ഇരച്ചെത്തുന്നു.

ആരാച്ചാർ കുരുക്ക് മുറുക്കി കഴിഞ്ഞു.
മുഖം മറച്ച കറുത്ത തുണി കാഴ്ച മറച്ചിരിക്കുന്നുവെങ്കിലും അരണ്ട വെളിച്ചത്തിൽ
നൂൽവലകൾക്കുള്ളിലൂടെ ഇറ്റിറ്റു വീഴുന്നതാപ വസന്തങ്ങൾ പെയ്തൊഴിയുമല്ലോ'

ഇനി ഞാൻ ആര് ?
ഒറ്റപ്പിടപ്പിൽ
എല്ലാം അവസാനിക്കും.
ക്രൂടിയ രക്തവേലിയേറ്റങ്ങളിൽ നാഡികൾ മാംസത്തെ ചേർത്തുപിടിച്ച് സാന്ത്വനിപ്പിക്കും.

കരിച്ചു കളയാനുള്ള ഉഷ്ണമഴ
താപശിലകളിൽ പെയ്തിറങ്ങും.
കൈകാലിട്ടടിക്കുന്ന വികലമായ താളക്രമങ്ങളിൽ
ഈണമില്ലാത്ത ഗളശബ്ദങ്ങൾ
ഈ നാലുകെട്ടിലെ ചുവരുകൾക്കുള്ളിൽ ഇണചേരും.

അജ്ഞാതമായ ഏതോ ബിന്ദുവിലേക്ക്  തുറിച്ചു നോക്കി കൊണ്ടിരിക്കുമ്പോൾ
ഞെട്ടറ്റുവീഴുന്ന
ഇലമഴത്തുള്ളി പോലെ
ഞാൻ നിലം പതിക്കും.

സ്മൃതിപഥങ്ങളിൽ ഒരുപാട് നക്ഷത്രങ്ങൾ പൂത്തു വിടരുമ്പോഴും
നരച്ച തലമുടിയിൽ ആയിരം നരിച്ചീറുകൾ ഒന്നിച്ചലറും പോലെ .

അന്ത്യജീവിതത്തിന്റെ അർത്ഥം തേടിയുള്ള അവസാന യാത്രയിൽ
ആഴക്കടലിലെ ഇരുണ്ട വാതായനങ്ങളിൽ വേരു ചത്ത മരം പോലെ ഇനി എത്ര കാലം?

പാതിരാവിലെ പാണന്റെ പാട്ടിലും
വെളിച്ചപ്പാടിന്റെ ചടുല പദതാളങ്ങളിലും  വെളുത്തപുഷ്പങ്ങളുടെ വശ്യഗന്ധത്തിലും ലയിച്ചു ചേരുമ്പോൾ

തെയ്യങ്ങൾ കെട്ടിയാടുന്ന തിറകളിലൊന്നിൽ
പുകഞ്ഞുകത്തുന്ന ഓട്ടുവിളക്കിന്റെ ധൂമചിത്രങ്ങളുടെ അവ്യക്തതയിൽ
ഞാൻ അലിഞ്ഞുചേരും.


അങ്ങകലെ
കുന്നിന്റെ മുകളിൽ
പ്രകാശദീപങ്ങളുമായി
ആരതിയുഴിയാൻ ഇറങ്ങി വരുന്ന കുഞ്ഞുമാലാഖമാരെ അകക്കണ്ണു കൊണ്ട് കാണാം.

ഒറ്റപ്പലകയിലെ കാത്തിരിപ്പിന്
വിരാമമാകുമ്പോൾ
പൂത്തു വിടരുന്നകർപ്പൂര പുഷ്പഗന്ധ വൃഷ്ടിയിൽ
ആരൊക്കെയോ ചേർന്നെന്നെ
ചിതയിലേക്കെടുക്കും :

ഒരുപക്ഷേ, ഉറങ്ങാത്ത അന്തിമേഘങ്ങൾ എന്നെ തേടി വന്നേക്കാം.
ശാന്തി മന്ത്രങ്ങളുരുവിട്ട് പൂപ്പൽ പിടിക്കാത്ത ചുവന്നമൺകലങ്ങളിൽ
ക്രൂർത്ത കത്തി മുനകൊണ്ട് പതിയെ തൊടുമ്പോൾ അവ
കുലംകുത്തിയൊഴുകും.


ഒടുവിൽ
ഉരുളുന്ന ശിലയിൽ പടരുവാനാകാതെ മൃദുലമീ ഭ്രൂമിയിൽ മണ്ണാവാൻ ഞാനും .....
ഇനി തുറക്കാത്ത തണുത്ത ചില്ല്കൂട്ടിൽ നിങ്ങൾക്കായി
ഞാൻ കാത്തിരിക്കും.
അന്ന്
വാരിവിതറുന്ന പൂക്കൾക്കും പുഷ്പചക്രങ്ങൾ ക്കുമിടയിലൂടെ എന്റെ പുഞ്ചിരി നിങ്ങൾക്ക് കാണാം.

അബ്ദുൽ നാസർ
ജി എച്ച് എസ് എസ് ശ്രീപുരം



# നാനോടെക്നോളജി

ദ്രവ്യത്തിന്റെ നാനോ തലത്തിലുള്ള സ്വഭാവത്തെയും പ്രത്യേകതയേയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് നാനോസയൻസ്. നാനോമീറ്റർ എന്നതിന്റെ ചുരുക്ക രൂപമാണ് 'നാനോ'. കുള്ളൻ എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'നാനോ' എന്ന പദത്തിന്റെ ഉത്ഭവം. ഒരു നാനോമീറ്റർ എന്നാൽ $10^{-9}$ മീറ്റർ എന്നാണർത്ഥം.അതായത് 1 മീറ്ററിന്റെ നൂറ് കോടിയിൽ ഒരംശം വലിപ്പം. നാനോസയൻസിൽ 1 നാനോമീറ്റർ മുതൽ 100 നാനോമീറ്റർ പരിധിയിലുള്ള ദ്രവ്യത്തിന്റെ പ്രത്യേകതകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.നൂതന സാങ്കേതിക വിദ്യകളോടു കൂടിയ അറ്റോമിക്ക് ഫോർസ് മൈക്റോസ്കോപ്പ് (STM) എന്നിവയുടെ ആവിർഭാവത്തോടുകൂടി ഇത്തരം അതിസൂക്ഷ്മ



കണികകളെ നിരീക്ഷിക്കാനും കൈകാര്യം ചെയ്യാനും വളരെയധികം സഹായിച്ചു.

പുരാതന കാലം മുതൽക്കുതന്നെ ഇത്തരം നാനോ കണങ്ങൾ ആയുർവേദ ഔഷധങ്ങളിൽ ഉപയോഗിച്ചിരുന്നതായി തെളിവ് ലഭിച്ചിട്ടുണ്ട്. യൗവനം നിലനിർത്താനായി ആയുർവേദ ഔഷധങ്ങളിൽ വ്യാകമായി സ്വർണത്തിന്റെ നാനോ കണങ്ങൾ ഉപയോഗിച്ചിരുന്നു. കാർബണിന്റെ രൂപാന്തരങ്ങളാണ് ഗ്രാഫൈറ്റ്,വജ്രം,കരിക്കട്ട എന്നിവ. ഇവതമ്മിൽ രാസപരമായി യാതൊരു വ്യത്യാസവുമില്ല. അവയിലെ ആറ്റങ്ങൾ അടുക്കിയിരിക്കുന്ന രീതിയിലാണ് വ്യത്യാസം. ഇത്തരത്തിൽ നാനോ തലത്തിൽ സമാനതകളുള്ള ഒത്തിരി വസ്തുക്കളെ കാണാം. പൂമ്പാറ്റയുടെ അഴകും,ചിലന്തി വലയുടെ ഉറപ്പും,പക്ഷികളിലെ വർണവ്യത്യാസവും എല്ലാം ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

വിഖ്യാത ശാസ്ത്രജ്ഞനായ റിച്ചാർഡ് ഫെയ്മാൻ നടത്തിയ പ്രഭാഷണമാണ് നാനോ ടെക്നോളജിയ്ക്ക് അടിസ്ഥാനമിട്ടത്. എൻസൈക്ലോപീഡിയ ഒഫ് ബ്രിട്ടാനിക്ക് മുഴുവൻ ഒരു മൊട്ടുസൂചിമുനയിൽ ഉൾക്കൊള്ളിക്കാനാകുമെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി.

കാർബണിന്റെ മറ്റൊരു രൂപാന്തരമായ ഫുള്ളറീന്റെ കണ്ടുപിടിത്തം നാനോടെക്നോളജിക്ക് പുതിയ ഒരു പുതിയ വഴിത്തിരിവായി. അറുപതോളം കാർബൺ ആറ്റങ്ങൾ ചേർന്ന് ഒരു ഫുട്ബോളിന്റെ ആകൃതിയിലാണ്ഫുള്ളറീന്റെ ഘടന. ഗ്രാഫൈറ്റ് റോഡിനെ ലേസർ ഉപയോഗിച്ച് ബാഷ്പീകരിച്ചതിന്റെ ഫലമായാണ് അകം പൊള്ളയായ ഏറെ സ്ഥിരതയുള്ള ഈ ഫുള്ളറീൻ ലഭിച്ചത്. ഇതിനെ 'ബക്കി പന്ത്' എന്നും വിളിക്കുന്നു.

തുടർന്ന് ജപ്പാൻ ശാസ്ത്രജ്ഞനായ ഡോ.സുമിയോ ഇജിമ അതിസൂക്ഷമമായ കാർബൺ നാനോ കുഴലുകൾ വികസിപ്പിച്ചെടുത്തു. ഉരുക്കിനേക്കാൾ ആയിരം മടങ്ങ് കട്ടിയുള്ളതും ആറിലൊന്നു മാത്രം ഭാരമുള്ളതുമായ കാർബൺ നാനോ കുഴലുകളുടെ കണ്ടു പിടിത്തം.

ഊർജ്ജോത്പാദനം, റോബോട്ടുകളുടെ നിർമ്മാണം,ട്രാൻസിസ്റ്റർ,ജനിതക എഞ്ചിനിയറിങ്ങ് എന്നീ മേഖലകളിൽ കാര്യമായ മാറ്റങ്ങൾ വരുത്തി.

നാമുപയോഗിക്കുന്ന മിക്ക ഉപകരണങ്ങളുടെയും വലിപ്പം കുറയും എന്നതാണ് നാനോടെക്നോളജിയുടെ ഏറ്റവും വലിയ സാധ്യത.ബൾബുകളിൽ ഫിലമന്റിന് പകരമായും കൃത്രിമ അവയവങ്ങളുടെ നിർമ്മാണത്തിലും,ഭൂകമ്പം ബാധിക്കാത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിലും കാർബൺ നാനോ ട്യൂബുകളാണ് ഉപയോഗിക്കാനാകു..അർബുദചികത്സയിൽ നിർദിഷ്ട കോശങ്ങളെമാത്രം നശിപ്പിക്കാൻ നാനോസാങ്കേതികവിദ്യകോണ്ട് കഴിയും.

നാനോടെക്നോളജി ഇരുതല മൂർച്ചയുള്ള വാളാണ്. സൂക്ഷിച്ചുപയോഗിച്ചില്ലെങ്കിൽ വൻ നാശങ്ങൾ ഉണ്ടാകാനിടയുണ്ട്. വിഷാംശമുള്ള നാനോ കണങ്ങൾ ഭൂമിയെ വിഷമയമാക്കും. നാനോ റോബോട്ടുകൾക്ക് നിയന്ത്രണം വിട്ടാൽ പിന്നെ നശിപ്പിക്കാനും ബുദ്ധിമുട്ടാണ്. ജീവകോശങ്ങളിൽ നാനോമാറ്റങ്ങൾ വന്നാൽ അത് ഭാവിയിലെ വലിയ വിപത്തായിരിക്കും

സ്മിത എസ്.ആർ
ജി എച്ച് എസ് എസ് ശ്രീപുരം

# പറയാൻ മറന്ന പ്രണയം

പറയാൻ മറന്നതോ
മറവിയിലാഴ്ന്നതോ
ആദ്യാനുരാഗത്തിൻ
അനുരണങ്ങൾ
കണ്ണുകൾ കൊണ്ടോ
നെഞ്ചിടി കൊണ്ടോ
അകതാരിനുള്ളിൽ
ഒളിപ്പിച്ച പ്രണയം
ഒരു വാക്കും മിണ്ടാതെ
പരിഭവം പറയാതെ
മൗനമായി പ്രണയിച്ചു
അണയാതെ എന്നും
നിറദീപമായി നീ
എന്നുള്ളിൽ തിളങ്ങിനിൽപ്പൂ

**അഖില ജെ.എസ്.**

ജീവന്റെ സുഗന്ധവാഹിനിയായി
പാലാഴിയുടെ
ഓളപ്പരപ്പുകളിൽ
അരയാലിലകളിൽ
നൃത്തം ചെയ്യുന്ന
അക്ഷരങ്ങൾ. . . . .
സ്വപ്നങ്ങളുടെ ദ്വാരപാലകരായ
പ്രതീക്ഷകൾ. . . .
അപരന്റെ വാക്കുകൾ
ദിവ്യസംഗീതമായി
നെഞ്ചേറ്റുന്ന
സമയകാലങ്ങൾക്കപ്പുറമുള്ള
കാഴ്ചയുടെ നിറച്ചാർത്തുകൾ. . . . .
ഇവിടെ
ഒന്നും പൂർണമാകുന്നില്ല
പിഴവുകൾക്കെല്ലാം മറുവാക്ക്
ഒന്നുമാത്രം,
ക്ഷമിക്കുക. . . . . . .  ഒപ്പം
നന്ദി. . . . . . . . . .നന്ദി. . .